# എറണാകുളം മിസ്സം

## ERNAKULAM MISSAM

English & Malayalam Monthly

Vol. No. 68 | Issue No. 02 | February 2025 | Rs. 15/-




എറണാകുളം - അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള

മേജർ ആർച്ചുബിഷപ്പിന്റെ വികാരി

**ആർച്ചുബിഷപ് ജോസഫ് പാംപ്ലാനി പിതാവിന്**

**സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ!!!**









# എറണാകുളം മിസ്സം

## ERNAKULAM MISSAM

English & Malayalam Monthly

Vol. No. 68 Issue No. 2 February 2025 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. സിനഡനന്തര സർക്കുലർ
10. Major Archiepiscopal Letter of Canonical Provision
12. Guidelines on the Vicar of the Major Archbishop
15. മേജർ ആർച്ചുബിഷപ്പിന്റെ വികാരി
17. സർക്കുലർ: 1/2025 - മാർ ബോസ്കോ പുത്തൂർ
20. തിരുബാലസഖ്യദിനം
25. കെ.സി.ബി.സി - കുർബാനധർമ്മം
26. കച്ചേരിക്കാര്യം - അറിയിപ്പ്
    - പുതുക്കിയ തിരുക്കർമ്മ നിരക്കുകൾ
    - Transfers/Appointments
    - Notice
31. വാർത്തകളും വിശേഷങ്ങളും
33. Dept. of Archdiocesan Public Relations
38. AICO
39. നിര്യാതരായി
40. വിശ്വാസപരിശീലന കേന്ദ്രം
42. ഫാമിലി അപ്പോസ്റ്റലേറ്റ്
43. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
47. നൈപുണ്യ ഇന്റർനാഷണൽ
49. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Kurisumkal John, Muttuchira | 1893 | 1921 | 1-2-1947 |
| Fr. Myalil Thomas, Keechery | 1948 | 1977 | 2-2-2004 |
| Fr. Manavalan Paul, Elavoor (Kunnel) | 1935 | 1963 | 2-2-2018 |
| Fr. Thekkumthala Kunjouseph, Koratty | | | 3-2-1927 |
| Msgr. Vattoly Paul, Kadukutty | 1906 | 1937 | 6-2-1997 |
| Fr. Elamkuttuchira Joseph, Vaikom | 1897 | 1930 | 8-2-1964 |
| Fr. Thachil Francis, Kuthiathodu | 1911 | 1939 | 8-2-1983 |
| Fr. Kakkattuchira Jacob, Kokkamangalam | 1938 | 1964 | 9-2-2015 |
| Fr. Thachil Jose (N), Narakkal | 1935 | 1961 | 9-2-2023 |
| Msgr. Moothedan Thomas, Meloor | 1911 | 1940 | 11-2-1985 |
| Fr. Chempothanayil Paul, Mevelloor | 1939 | 1966 | 11-2-2022 |
| Fr. Pathiamoola Gheevarghese, Pallipuram | 1891 | 1920 | 12-2-1963 |
| Fr. Koikara Dominic, Kanjoor | 1909 | 1937 | 14-2-1966 |
| Fr. Putharikal Mathew, Ernakulam | 1883 | | 17-2-1956 |
| Fr. Moonjely Thomas TOCD, Chakkarakadavu | 1849 | 1872 | 18-2-1893 |
| Fr. Painadeth Valiya Joseph, Karukutty | 1872 | 1899 | 18-2-1948 |
| Fr. Parayil Jacob, Kudavechoor | 1924 | 1952 | 19-2-2005 |
| Mar Joseph Cardinal Parecattil, Kidangoor | 1912 | 1939 | 20-2-1987 |
| Fr. Manjaly Thomas, Kanjoor | 1880 | 1909 | 21-2-1936 |
| Fr. Kalarikal Geevarghese, Chalil | 1887 | 1915 | 21-2-1963 |
| Fr. Payyappilly Kuriakose, Kanjoor | 1880 | 1909 | 22-2-1940 |
| Fr. Karathuruthil Paul, Valamangalam | 1939 | 1969 | 22-2-2020 |
| Fr. Kandathil Kuriakose, Chembu | 1893 | 1923 | 24-2-1989 |
| Fr. Panapally Joseph, Kudavechoor | 1928 | 1955 | 24-2-2001 |
| Fr. Kachappilly Martin, S. Champanoor | 1968 | 1993 | 25-2-1995 |
| Fr. Vettikkappilly Kuriakose, Vaikom | 1878 | 1902 | 26-2-1947 |
| Fr. Pynadath Sebastian, Karukutty | 1948 | 1973 | 27-2-2021 |
| Fr. Arackaparambil Isaac, Muttom | 1903 | 1933 | 28-2-1960 |
| Fr. Thachil Francis, N. Kuthiathode (Old) | 1934 | 1961 | 28-2-2017 |

Prot. No. 0024/2025

# സിനഡനന്തര സർക്കുലർ

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്**
**മാർ റാഫേൽ തട്ടിൽ**
തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിമൂന്നാമതു സിനഡിന്റെ ആദ്യ സമ്മേളനം 2025 ജനുവരി 6 മുതൽ 11 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്നു. 'പ്രത്യാശയുടെ തീർത്ഥാടകരായി' നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യാവതാരത്തിന്റെ ജൂബിലിവർഷത്തിലേക്ക് നാം കടന്നിരിക്കുകയാണല്ലോ. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'. കാരണം, നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു' (റോമ 5:5) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ക്രൈസ്തവമായ പ്രത്യാശ എന്താണെന്ന് വ്യക്തമാക്കുന്നു. പ്രത്യാശയ്ക്കുവിരുദ്ധമായി നമ്മെ അസ്വസ്ഥതപ്പെടുത്തുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന വാർത്തകൾ വർധിക്കുമ്പോഴും നമ്മുടെ കർത്താവിന്റെ വരവിനെ നോക്കിപാർത്തു പ്രത്യാശയോടെ നീങ്ങാൻ നാമോരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. ഫ്രാൻസിസ് മാർപാപ്പ പ്രസ്താവിക്കുന്നതുപോലെ 'പ്രത്യാശാനിർഭരമായ ഈ ജീവിതത്തിനു നമ്മെ സജ്ജരാക്കുന്നത് നമ്മുടെ വിശ്വാസജീവിതമാണ്. അതു മാമ്മോദീസായിൽ തുടക്കംകുറിച്ചു, ദൈവകൃപയോടുള്ള തുറവിയിലൂടെ വളർന്നു, പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിലൂടെ നിരന്തരം നവീകരിക്കപ്പെടുന്നതും ഉറപ്പിക്ക

പ്പെടുന്നതുമായ പ്രത്യാശയിൽ സജീവമാക്കപ്പെടുന്നു.' പ്രത്യാശപകരുന്ന പ്രവൃത്തികളിലൂടെ ജൂബിലിവർഷം ആചരിക്കാൻ നമുക്കു പരിശ്രമിക്കാം.

സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം പ്രത്യാശപകരുന്ന കൃപയുടെ അനുഭവം ലഭിച്ച കാലഘട്ടം കൂടിയാണിത്. നമ്മുടെ സഭാംഗമായ മോൺ. ജോർജ് കൂവക്കാട് ഒരു വൈദികനായിരിക്കെത്തന്നെ സർവത്രികസഭയിലെ കർദിനാളായി തെരഞ്ഞെടുക്കപ്പെട്ടത് നമ്മുടെ സഭയ്ക്ക് ഏറെ അഭിമാനകരമാണ്. അദ്ദേഹത്തിന്റെ ഭാവി ശുശ്രൂഷകൾക്കു സഭയുടെ പേരിൽ പ്രാർഥനാശംസകൾ നേരുന്നു. ഗൾഫ് മേഖലയിലെ പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെ അജപാലനപ്രവർത്തനങ്ങൾക്കായ് നമ്മുടെ സഭയുടേതായ തനതു സംവിധാനങ്ങൾ രൂപപ്പെടണമെന്നതു ദീർഘകാലമായുള്ള ആവശ്യമായിരുന്നു. ഇക്കാര്യത്തിൽ നമ്മുടെ സഭയ്ക്ക് അനുകൂലമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എടുത്ത നിലപാടു സഭാംഗങ്ങൾക്കു മുഴുവൻ പ്രത്യാശ പകരുന്നതാണ്. നാടിന്റെ മുഴുവൻ ദുഃഖമായി മാറിയ വയനാട് വിലങ്ങാട് പ്രകൃതിദുരന്തങ്ങളിൽ തകർന്നുപോയ ജീവിതങ്ങളെ പുനരുദ്ധരിക്കാൻ ഒരുമനസ്സോടെ അണിനിരക്കാൻ കഴിഞ്ഞുവെന്നതു നമ്മുടെ സമൂഹത്തിന്റെ നന്മയിലുള്ള പ്രത്യാശ വർധിപ്പിക്കുന്നതാണ്. ഈ വർഷം നമുക്കു 287 നവവൈദികരെയും 404 നവസന്യസ്തരെയും ലഭിച്ചതിനും ദൈവത്തിനു നമുക്കു നന്ദിപറയാം.

### കർഷകരുടെ ആശങ്കകൾ പരിഹരിക്കപ്പെടണം

കാർഷികവൃത്തിയെ ആശ്രയിച്ചു ജീവിക്കുന്നവരുടെയും വനാതിർത്തിയിൽ ജീവിക്കുന്ന സാധാരണ മനുഷ്യരുടെയും ആശങ്കകളും വേദനകളും ശ്രദ്ധാപൂർവം സിനഡ് വിലയിരുത്തി. നിയമസഭയിൽ അവതരിപ്പിക്കാനായി പ്രസിദ്ധീകരിച്ചിരിക്കുന്ന കേരള വനം നിയമഭേദഗതി ബില്ലിനെകുറിച്ചു ലക്ഷക്കണക്കിനു കർഷകർക്ക് ഗൗരവമായ ആശങ്കകൾ ഉണ്ട്. കേരളത്തിന്റെ വനാവൃതി വർധിച്ചുവരുമ്പോഴും വനനിയമങ്ങൾ കൂടുതൽ കർക്കശമാക്കുന്നതു വനപാലകരുടെ അധികാരദുർവിനിയോഗത്തിനും പൊതുജനത്തിന്റെ അവകാശലംഘനത്തിനും ഇടയാക്കുമെന്നതിനാൽ പ്രസ്തുത ബിൽ പുനഃപരിശോധിക്കണമെന്നു സിനഡു സർക്കാരിനോടഭ്യർഥിക്കുന്നു.

### സിനഡാത്മക സഭ

സഭയുടെ കൂട്ടായ്മയെ ശക്തിപ്പെടുത്താനും കാരുണ്യത്തിന്റെ മുഖത്തെ കൂടുതൽ പ്രകാശിപ്പിക്കാനുമായി പരിശുദ്ധ പിതാവു റോമിൽ

വിളിച്ചുകൂട്ടിയ സിനഡാത്മകതയെക്കുറിച്ചുള്ള ആഗോളസിനഡിന്റെ സമാപന പ്രബോധനരേഖയുടെ വെളിച്ചത്തിൽ നമ്മുടെ സഭയുടെ പ്രവർത്തനശൈലിയിലും ഘടനയിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചു സിനഡ് ചർച്ചനടത്തുകയുണ്ടായി. ഇതിനു സഹായകമായ കർമപദ്ധതികൾ പ്രസ്തുത പ്രബോധനരേഖയുടെ വെളിച്ചത്തിൽ കൂടിയാലോചനകളിലൂടെ രൂപത ഇടവക തലങ്ങളിൽ ആവിഷ്ക്കരിക്കേണ്ടതാണ്.

നമ്മുടെ സമുദായം നേരിടുന്ന വിവിധങ്ങളായ പ്രതിസന്ധികളെ മനസിലാക്കാനും പരിഹാരം കണ്ടെത്താനുമായി രണ്ടായിരത്തി ഇരുപത്തിയാറാമാണ്ട് സീറോമലബാർസഭ സമുദായശാക്തീകരണവർഷമായി പ്രഖ്യാപിക്കാൻ സിനഡു തീരുമാനിച്ചിട്ടുണ്ട്. പാലായിൽ സമാപിച്ച സഭയുടെ അഞ്ചാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസ്സംബ്ലിയിൽ സമുദായശക്തീകരണത്തിനു സഹായകമായ കർമപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളതു നടപ്പിലാക്കാൻ നമ്മുടെ എല്ലാ രൂപതകളും ശ്രദ്ധിക്കുമല്ലോ.

**എറണാകുളം-അങ്കമാലി അതിരൂപത**

എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കാൻ ഏറെ നാളുകളായി ആത്മാർഥമായി പരിശ്രമിക്കുന്നുണ്ടെങ്കിലും പ്രതിസന്ധികൾ പൂർണമായി പരിഹരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല എന്ന യാഥാർഥ്യം സിനഡുപിതാക്കന്മാർ എളിമയോടെ അംഗീകരിക്കുന്നു. ഐക്യത്തിന്റെ പുതിയ പ്രഭാതം വിദൂരമല്ല എന്ന പ്രത്യാശയോടെയാണ് ഈ വിഷയം സിനഡുപിതാക്കന്മാർ ചർച്ച ചെയ്തത്. എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി സേവനം ചെയ്തിരുന്ന മാർ ബോസ്കോ പുത്തൂർ പിതാവിന്റെ പ്രവർത്തനങ്ങൾ സഭയ്ക്കു മുഴുവൻ പ്രത്യാശപകരുന്നതായിരുന്നെന്ന് സിനഡു വിലയിരുത്തി. ശ്ലൈഹിക സിംഹാസനത്തിന്റെയും സിനഡിന്റെയും നിർദേശങ്ങൾ പൂർണമായി അനുസരിച്ചുകൊണ്ട് അപ്പസ്തോലിക ധീരതയോടെ പിതാവ് എടുത്ത നിലപാടുകൾ മൂലം അതിരൂപതയ്ക്കുവേണ്ടി 24 വൈദികാർഥികളുടെ തിരുപ്പട്ടസ്വീകരണം നടന്നു. അതിരൂപതയിൽ അച്ചടക്കം തിരികെക്കൊണ്ടുവരാൻ പിതാവുനടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണെന്ന് സിനഡ് വിലയിരുത്തി.

എന്നാൽ, ആരോഗ്യപരമായ കാരണങ്ങളാൽ 2024 സെപ്റ്റംബർ മാസത്തിൽത്തന്നെ അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവ് പരിശുദ്ധ

പിതാവിനു രാജി സമർപ്പിച്ചിരുന്നു. 2025 ജനുവരി 11 നു രാജി പ്രാബല്യ ത്തിൽ വന്നതായി വത്തിക്കാനിൽനിന്നു അറിയിപ്പു ലഭിച്ചിട്ടുണ്ട്. അതോടൊപ്പം, അപ്പസ്തതോലിക്ക് അഡ്മിനിസ്ട്രേഷൻ അവസാനി പ്പിച്ച് എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണചുമതല മേജർ ആർച്ചുബിഷപ്പിനെ 2025 ജനുവരി 11 മുതൽ തിരികെ ഏല്പ്പിക്കുന്ന തായും ശ്ലൈഹികസിംഹാസനം അറിയിച്ചിട്ടുണ്ട്. ഏറെ സങ്കീർണമായ ഒരു കാലഘട്ടത്തിൽ സഭയുടെ മനസ്സറിഞ്ഞ് അതിരൂപതയെ ധീരമായി നയിച്ച അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവിനു സഭയുടെ മുഴുവൻ സ്നേഹവും നന്ദിയും ഞാൻ അറിയിക്കുന്നു.

സഭയ്ക്കു മുഴുവനുംവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ ബൃഹത്തായ ഉത്തരവാദിത്വ ങ്ങൾ പരിഗണിച്ച് എറണാകുളംഅങ്കമാലി അതിരൂപതയുടെ ദൈനംദിന ഭരണനിർവഹണത്തിനായി മേജർ ആർച്ചുബിഷപ്പിന്റെ വികാരിയെ നിയമിക്കാൻ സിനഡു തീരുമാനിച്ചു. പ്രാർഥനാപൂർവമായ വിചിന്തനങ്ങൾക്കുശേഷം പരിശുദ്ധാത്മാവിനാൽ പ്രേരിതരായി സിനഡുപിതാക്കന്മാർ ഈ ശുശ്രൂഷയ്ക്കായി തെരഞ്ഞെ ടുത്തതു തലശ്ശേരി അതിരൂപതാധ്യക്ഷനായ മാർ ജോസഫ് പാംപ്ലാനി പിതാവിനെയാണ്. തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ശുശ്രൂഷകൾ തുടരുന്നതായിരിക്കും. എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഭാത്മകമായി പരിഹരിക്കാനാകും എന്ന പ്രത്യാശ സിനഡിനുണ്ട്.

ഈ ജൂബിലിവർഷത്തിൽ പ്രത്യാശയുടെ തീർഥാടകരായി മിശിഹാ യോടുചേർന്ന് ഒരുമിച്ചു യാത്രചെയ്യാൻ എല്ലാവരെയും ഞാൻ സ്നേഹ പൂർവം സ്വാഗതംചെയ്യുന്നു. ഈ സാഹചര്യത്തിൽ ചില കാര്യങ്ങളിൽ വ്യക്തതവരുത്താൻ സിനഡുപിതാക്കന്മാർ ആഗ്രഹിക്കുന്നു. സീറോ മലബാർസഭയുടെ സിനഡു തീരുമാനിച്ചതും ശ്ലൈഹിക സിംഹാസനം അംഗീകരിച്ചതും നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ രണ്ടു തവണ കത്തുകളിലൂടെയും ഒരു തവണ വീഡിയോ സന്ദേശത്തിലൂടെയും നേരിട്ട് ആവശ്യപ്പെട്ടതുമായ ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി സീറോമലബാർസഭ മുഴുവനിലും നടപ്പിലാക്ക ണമെന്ന തീരുമാനത്തിനു യാതൊരു മാറ്റവുമില്ല. പരിശുദ്ധ പിതാവ് അന്തിമതീരുമാനം അറിയിച്ചുകഴിഞ്ഞ ഇക്കാര്യത്തിൽ യാതൊരുവിധ പുനരാലോചനയും സാധ്യമല്ല എന്ന സത്യം എല്ലാ കത്തോലിക്കാവിശ്വാ സികളും വിവേകപൂർവം മനസിലാക്കണം.

2024 ജൂലൈ ഒന്നാം തീയതി നല്കിയ വിശദീകരണക്കുറിപ്പിനെ (Ref. No. 6/2024) സ്ഥിരമായ ഒരു ഒത്തുതീർപ്പായി ആരും വ്യാഖ്യാനിക്കരുത്. എറണാകുളം-അങ്കമാലി അതിരൂപതയിൽ ഞായറാഴ്ചകളിലെ പതിവു കുർബാനകളിൽ ഒന്നെങ്കിലും ഏകീകൃതരൂപത്തിൽ ചൊല്ലുന്നവർക്കെതിരേ ജൂൺ 9-ന് നല്കിയ സർക്കുലറിൽ (Ref. No. 4/2024) അറിയിച്ച പ്രകാരമുള്ള ശിക്ഷാനടപടികൾ ആരംഭിക്കുന്നതല്ല എന്ന അർഥത്തിലാണ് പ്രസ്തുത വിശദീകരണം നൽകിയിരിക്കുന്നത്. ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണത്തിലേക്കുള്ള ആദ്യ ചുവടുവയ്പായാണ് ഇതിനെ മനസിലാക്കേണ്ടത്.

ആരാധനാക്രമത്തിലെ അഭിപ്രായാന്തരങ്ങൾ തെരുവിലെ സംഘർഷങ്ങളാക്കി മാറ്റുന്നത് ഏറെ ദുഃഖകരമാണ്. ഐക്യത്തിന്റെ കൂദാശയായ വിശുദ്ധ കുർബാനയുടെ അർപ്പണം നാട്ടിലെ ക്രമസമാധാനവിഷയമായി മാറ്റുന്നതിൽ സഭയൊന്നാകെ വേദനിക്കുന്നുണ്ട്. ഈ ശൈലിയിൽ നമുക്ക് ഇനിയും മുന്നോട്ടുപോകാനാവില്ല എന്ന സത്യം ബന്ധപ്പെട്ടവർ മനസിലാക്കണം. സിനഡിനെ അനുകൂലിക്കുന്നവർ എന്ന വ്യാജേന സാമൂഹിക മാധ്യമങ്ങളിലും തെരുവിലും സഭയെ അപമാനിക്കുന്ന രീതിയിൽ ഇടപെടലുകൾ നടത്തുന്നവരുടെ നിലപാടുകളും സഭാവിരുദ്ധ പ്രവർത്തനങ്ങളാണെന്ന് ഓർമിപ്പിക്കുന്നു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പു പിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2025 ാം ആണ്ട് ജനുവരി മാസം 11-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

................................

ഈ സർക്കുലർ 2025 ജനുവരി 19-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്ര ങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

**Mar Raphael Thattil**
Major Archbishop of the Syro-Malabar Church

Prot. No. 0022/2025

# MAJOR ARCHIEPISCOPAL LETTER OF CANONICAL PROVISION

**MAR RAPHAEL THATTIL**
**MAJOR ARCHBISHOP OF THE SYRO-MALABAR CHURCH**
sends his paternal blessings to
**YOUR GRACE MAR JOSEPH PAMPLANY**
at present Archbishop of Tellicherry!

Whereas, deliberating on the dual Offices of the Major Archbishop, namely, the Father and Head of the entire Syro-Malabar Church and the Metropolitan of the Archeparchy of Ernakulam-Angamaly, the Synod of Bishops of the Syro-Malabar Church, during the First Session of the XXVII Synod held from 7 to 18 January 2019, discussed and decided in favour of appointing a Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly to manage the ordinary administration of the said Archeparchy;

Whereas, you have demonstrated exemplary episcopal qualities, intellectual formation, administrative experience, and spiritual vision, especially through your Episcopal ministry in Tellicherry, and are deemed suitable for the above-mentioned Office of Vicar of the Archeparchy;

Whereas, Session I of the XXXIII Synod of Bishops of the Syro-Malabar Church, during its third sitting on Tuesday, 7 January 2025, elected you to the Office of the Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly;

Whereas the Apostolic Nuncio, His Excellency Archbishop Leopoldo Girelli, through his letter No. 8833/25/IN dated 10 January 2025, has communicated the approval of the said election by the Holy Father;

In virtue of the authority vested in me as the Major Archbishop of the Syro-Malabar Church and Metropolitan of Ernakulam-Angamaly, to provide the people of God entrusted to my care with pastors and efficient systems of governance, and guided by the welfare of the faithful of the Archeparchy of Ernakulam-Angamaly and the entire Syro-Malabar Church, I, Raphael Thattil, the Major Archbishop of the Syro-Malabar Church, hereby appoint you the Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly.

This appointment is made without prejudice to your existing Office as the Metropolitan of Tellicherry and takes effect immediately. You shall assume canonical possession of your Office by making the oath of obedience and fidelity before me.

As the Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly, endowed with ordinary vicarious power (c. 245), you shall exercise your duties in accordance with the norms of law, including the Common Law of the CCEO, the Particular Laws of the Syro-Malabar Church, and the Guidelines for the Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly, as approved during the First Session of the XXXIII Synod held from 6 to 11 January 2025.

Commending you to Our Lord, the Master Shepherd, and praying that, through the intercession of Mary, Mother of God, and St. Thomas, our Apostle, you may, in close communion with me, the Major Archbishop of the Syro-Malabar Church and Metropolitan of Ernakulam-Angamaly, as well as with the entire clergy, consecrated persons, and faithful of the said Archeparchy, fulfill the duties of your Office as "an example in speech and conduct, in love, in faith, in purity" (1 Tim 4:12), I extend to you my heartfelt congratulations and prayerful good wishes.

All contrary provisions notwithstanding.

Given at Kakkanad from the Syro-Malabar Major Archiepiscopal Curia at Mount St. Thomas on Saturday, the 11 of the month of January of the year 2025 under my seal and signature.

The Syro-Malabar Major Archiepiscopal Curia

**Mar Raphael Thattil**
Major Archbishop of the Syro-Malabar Church
Metropolitan of Ernakulam-Angamaly

**Fr. Abraham Kavilpurayidathil**
Major Archiepiscopal Chancellor

THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA
Mount St. Thomas, P.B. No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235, 2428271 (Dir); Fax: (0484) 2422727
Email: majorarchbishop@gmail.com, chancellor.mount@gmail.com

Prot. No. 0021/2025

# GUIDELINES ON THE VICAR OF THE MAJOR ARCHBISHOP FOR THE ARCHEPARCHY OF ERNAKULAM-ANGAMALY

1. The Syro-Malabar Church, which had its origin from the apostolate of St. Thomas in India, was raised to the rank of a Major Archiepiscopal Church on 16 December 1992, having its See with the title of "Ernakulam-Angamaly".
2. The Major Archbishop, besides being the 'Father and Head' of the whole Syro-Malabar Church, is also the Metropolitan Archbishop of the Archeparchy of Ernakulam- Angamaly (CCEO cc. 55-56, 57 §3, 151-153) with the eparchies of Kothamangalam and Idukki it's suffragans.
3. Common Law demands that for the administration based on these two Offices there should be distinct Curia, namely, Major Archiepiscopal Curia for the affairs of the whole Church (CCEO c. 114) and Curia for the Archeparchy of Ernakulam-Angamaly (CCEO c. 243).
4. The Major Archbishop, having care for the pastoral affairs of the entire Syro-Malabar Church that has assumed a global dimension, has not been in effect able to concentrate adequately on the ordinary administration of the Archeparchy of Ernakulam-Angamaly. Therefore, taking into account the good of the Archeparchy, the XV Synod (2007) January and August Sessions, suggested having an 'Administrative Archbishop' for the Archeparchy of Ernakulam-Angamaly. The same suggestion was repeated in the later Sessions as well.
5. The Synod of Bishops of the Syro Malabar Church, in its XXVII Synod, Session I, held from 7 to 18 January 2019, discussed the nature of Office of the Major Archbishop in both capacities and deliberated on the possibilities of enabling him to exercise his ministry more effectively. The Synod reached the consensus that a Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly with episcopal dignity be appointed and a decision to that effect was taken.
6. The Vicar of the Major Archbishop for Ernakulam-Angamaly shall *ex officio* be the Protosyncellus of the Archeparchy of Ernakulam-Angamaly.
7. The Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly shall be elected by the Synod of Bishops, and the Major Archbishop gives the canonical provision to that effect, after having received the acceptance of the election by the elected person.

8. If the one elected is not a bishop, ordinary procedure for the election of bishops shall be followed before the canonical provision is given. If he is denied episcopacy, his election to the Office of Vicar becomes null and void. The elected person does not get any jurisdiction or competence as the Vicar or Protosyncellus before he takes canonical possession of the Office by the conferral of the said Office by the Major Archbishop.

9. The Vicar takes canonical possession of his Office by the oath of obedience and fidelity made in the prescribed form before the Major Archbishop.

10. The information about the election, canonical provision and taking of Office by the Vicar shall be communicated to the Apostolic See as early as possible.

11. The appointment of the Vicar of the Major Archbishop is without prejudice to the prerogatives, rights and obligations of the Major Archbishop in relation to the Archeparchy. The Major Archbishop retains the right and duty to intervene if and when in his discretion circumstances warrant it or when the Vicar requests for it.

12. The Vicar of the Major Archbishop shall be commemorated in the Liturgical celebrations within the Archeparchy of Ernakulam-Angamaly after the name of the Major Archbishop[1].

13. Ordinarily, the Major Archbishop shall preside over the liturgical celebrations in the Cathedral of the Archeparchy of Ernakulam-Angamaly during the solemnities of the Nativity of Our Lord, the Blessing of the Holy Myron, the Holy Week and any other occasion of his choice.

14. The Major Archbishop retains the right and competence to make pastoral visits in the parishes, houses of the consecrated men and women, and the institutions of whatever nature of the Archeparchy of Ernakulam-Angamaly. However, for courtesy, he shall consider giving prior information to the Vicar.

15. With the acceptance of the canonical provision from the Major Archbishop, the Vicar receives the ordinary[2] vicarious[3] powers (CCEO c. 245) in matters of ordinary administration of the Archeparchy of Ernakulam-Angamaly in accordance with the norms of law. However, he shall get the consent of the Major Archbishop in all important matters and brief the Major Archbishop at regular intervals determined by the Major Archbishop about his administration.

16. The Vicar, with the consent of the Major Archbishop, is competent to make appointments and transfers of priests and others of the Archeparchy and to

---

[1] ഞങ്ങളുടെ സഭയുടെ പിതാവും തലവനും അതിരൂപതാദ്ധ്യക്ഷനുമായ മേജർ ആർച്ചുബിഷപ്പ് മാർ ....... മെത്രാപ്പോലീത്തായ്ക്കും അതിരൂപതയ്ക്കുവേണ്ടിയുള്ള വികാരി മാർ ....... പിതാവിനും

[2] That means it is not delegated in each case.

[3] That is, his exercise of powers is on behalf of the Archbishop of the Archeparchy and not on his own behalf.

constitute different canonical and other councils or bodies such as the Pastoral Council, the Presbyteral Council, the Finance Council, and the College of Consultors and shall have the duty of supervising them.

17. The Vicar of the Major Archbishop for the Archeparchy shall represent the Archeparchy in all juridical matters before all juridical forums, unless otherwise provided.

18. The Vicar of the Major Archbishop is authorized to sign documents personally or through his representative on behalf of the Archbishop of Ernakulam-Angamaly on temporal affairs. He shall be fully responsible for the temporal administration of the Archeparchy as per norms of law.

19. Ordinarily the Major Archbishop in his capacity as the Father and Head of the Syro-Malabar Church, acts as appellate authority with regard to the juridical acts of the Vicar in relation to the Archeparchy of Ernakulam-Angamaly.

20. If and when the Office of the Vicar of the Major Archbishop falls vacant by death, resignation or removal, it is the exclusive competence of the Synod of bishops of the Syro-Malabar Church to decide upon the follow up procedures of whatever nature.

21. When the See of the Major Archbishop becomes vacant, the Administrator of the Syro-Malabar Church takes charge of the Church as well as of the Archeparchy of Ernakulam-Angamaly as per norms of law (CCEO c. 127; Particular Law no. 7). However, the Vicar shall retain his Office in the Archeparchy and continue to function for the Archeparchy of Ernakulam-Angamaly (CCEO cc. 224, 132 §2). The Vicar shall do so in consultation with the Administrator or with his consent, as the case may be, in as much as he holds the Office of the Administrator. When the new Major Archbishop assumes Office (cfr. c. 991 §1) the Vicar is to be confirmed to continue in Office unless the Synod or the Apostolic See makes other provisions.

*****************

The Guidelines on the Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly is approved in the I Session of the XXXIII Synod of Bishops held from 6 to 11 January 2025.

**Mar Raphael Thattil**
Major Archbishop of the Syro-Malabar Church

The Syro-Malabar Major Archiepiscopal Curia

**Fr. Abraham Kavilpurayidathil**
Major Archiepiscopal Chancellor

THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA
Mount St. Thomas, P.B. No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235, 2428271 (Dir); Fax: (0484) 2422727
Email: majorarchbishop@gmail.com, chancellor.mount@gmail.com

Prot. No. 0023/2025 11.01.2025

## ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി എറണാകുളം-അങ്കമാലി അതിരൂപതയിൽ മേജർ ആർച്ചുബിഷപ്പിന്റെ വികാരി

## ബിഷപ്പ് മാർ ബോസ്കോ പുത്തൂരിന്റെ രാജി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സ്വീകരിച്ചു.

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയെ എറണാകുളം-അങ്കമാലി അതിരൂപതയിൽ തന്റെ വികാരിയായി 2025 ജനുവരി 11 നു നിയമിച്ചു. 2025 ജനുവരി 6 മുതൽ 11 വരെ നടന്ന മുപ്പത്തിമൂന്നാമതു സിനഡിന്റെ ഒന്നാം സമ്മേളനം മാർ പാംപ്ലാനിയെ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായി തെരഞ്ഞെടുത്തിരുന്നു. പരിശുദ്ധ പിതാവു സിനഡിന്റെ ഈ തെരഞ്ഞെടുപ്പിന് അപ്പസ്തോലിക് ന്യൂൺഷ്യോവഴി അംഗീകാരം നല്കുകയുംചെയ്തു. നിലവിൽ തലശ്ശേരി അതിരൂപതയുടെ മെത്രാപോലീത്തയായ മാർ പാംപ്ലാനി നിലവിലുള്ള തന്റെ ഉത്തരവാദിത്വത്തിനു പുറമേയായിരിക്കും പുതിയ ദൗത്യം നിർവഹിക്കുന്നത്.

എറണാകുളം-അങ്കമാലി അതിരൂപയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർസ്ഥാനത്തുനിന്നുള്ള മാർ ബോസ്കോ പുത്തൂരിന്റെ രാജി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സ്വീകരിച്ചു. 2023 ഡിസംബർ ഏഴിനു നിയമിതനായ മാർ ബോസ്കോ പുത്തൂർ 2024 സെപ്റ്റംബറിലാണ് ആരോഗ്യകാരണങ്ങളാൽ തന്റെ രാജി സമർപ്പിച്ചത്. മെൽബൺ രൂപതയുടെ അധ്യക്ഷസ്ഥാനത്തുനിന്നു വിരമിച്ച സാഹചര്യത്തിലായിരുന്നു എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി മാർ ബോസ്കോ പുത്തൂർ നിയമിതനായത്.

അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന്റെ രാജി സ്വീകരിച്ചതോടെ എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണചുമതല പരിശുദ്ധ സിംഹാസനം അതിരൂപതാധ്യക്ഷൻകൂടിയായ മേജർ ആർച്ചുബിഷപ്പിനെ ഏല്പിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് അതിരൂപതയുടെ സാധാരണ ഭരണനിർവഹണം നടത്താനുള്ള ചുമതലനല്കികൊണ്ട് മാർ ജോസഫ് പാംപ്ലാനി പിതാവിനെ മേജർ ആർച്ചുബിഷപ്പ് അതിരൂപതയിൽ തന്റെ വികാരിയായി നിയമിച്ചിരിക്കുന്നത്. അതേസമയം, ആർച്ചുബിഷപ്പ് സിറിൽ വാസിൽ പിതാവ് അതിരൂപതയുടെ പൊന്തിഫിക്കൽ ഡെലഗേറ്റ് ആയി തുടരുന്നതായിരിക്കും. സിനഡ് അംഗീകരിച്ച മാർഗരേഖ അനുസരിച്ചായിരിക്കും മേജർ ആർച്ചുബിഷപ്പിന്റെ വികാരി അതിരൂപതയുടെ ഭരണനിർവഹണം നടത്തുന്നത്. 2019 ലാണ് അന്നത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് അതിരൂപതയിയിൽ ആദ്യമായി മേജർ ആർച്ചുബിഷപ്പിന്റെ വികാരിയെ നിയമിച്ചത്. ആർച്ചുബിഷപ്പ് ആന്റണി കരിയിൽ പിതാവായിരുന്നു അന്നു നിയമിതനായത്.

1969 ഡിസംബർ 3 നു ജനിച്ച ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി 1997 ഡിസംബർ 30നു വൈദികനായി. ബെൽജിയത്തിലെ ലുവൈൻ യൂണിവേഴ്സിറ്റിയിൽനിന്നു വിശുദ്ധ ഗ്രന്ഥത്തിൽ ഉപരിപഠനംനടത്തി ഡോക്ടറേറ്റ് കരസ്ഥമാക്കി. 2017 സെപ്റ്റംബർ 1 നു തല

THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA
Mount St. Thomas, P.B. No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235, 2428271 (Dir); Fax: (0484) 2422727
Email: majorarchbishop@gmail.com, chancellor.mount@gmail.com

ശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി നിയമിതനായ അദ്ദേഹം 2017 നവംബർ 08നാണ് മെത്രാനായി അഭിഷിക്തനായത്. 2022 ഏപ്രിൽ 22നു മാർ ജോസഫ് പാംപ്ലാനി അതിരൂപതയുടെ മെത്രാപ്പോലീത്തയായി. സീറോമലബാർ മെത്രാൻസിനഡിന്റെ സെക്രട്ടറിയും പെർമെനന്റ് സിനഡിലെ അംഗവുമാണ് മാർ പാംപ്ലാനി. സീറോമലബാർസഭയുടെ ദൈവശാസ്ത്ര കമ്മീഷൻ ചെയർമാൻ, പബ്ലിക് അഫയേഴ്സ് കമ്മീഷൻ അംഗം, കേരള കത്തോലിക്ക മെത്രാൻസമിതിയുടെ മാധ്യമ കമ്മീഷൻ ചെയർമാൻ, ഭാരത കത്തോലിക്ക മെത്രാൻസമിതിയുടെ ദൈവശാസ്ത്ര കമ്മീഷൻ അംഗം, ഏഷ്യൻ കത്തോലിക്കാ മെത്രാൻസമിതിയുടെ ദൈവശാസ്ത്ര കമ്മീഷൻ അംഗം എന്നീ നിലകളിലും മാർ ജോസഫ് പാംപ്ലാനി സേവനമനുഷ്ഠിക്കുന്നു.

**ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ**
മേജർ ആർക്കിഎപ്പിസ്കോപ്പൽ ചാൻസലർ

THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA
Mount St. Thomas
Kakkanad - Kochi

**സർക്കുലർ: 1/2025**

**മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,**

2025 മഹാജൂബിലി വർഷം സമാരംഭിച്ചിരിക്കുന്ന അനുഗ്രഹദായകമായ ഈ അവസരത്തിൽ "പ്രത്യാശയുടെ തീർത്ഥാടകരായി" മുന്നോട്ടുനീങ്ങാൻ നമുക്കു ശ്രമിക്കാം.

നമ്മുടെ അതിരൂപതയെ അപ്പസ്തോലിക് അഡ്മിനിസ്ട്രേഷനിൽനിന്ന് വീണ്ടും സീറോമലബാർ മെത്രാൻ സിനഡിന്റെയും മേജർ ആർച്ചുബിഷപ്പിന്റെയും ചുമതലയിലേക്കേല്പിക്കുകയും എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായി തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവിനെ 2025 ജനുവരി 11-ന് നിയമിക്കുകയും ചെയ്തവിവരം ഇതിനകം എല്ലാവരും അറിഞ്ഞുവല്ലോ. ആരോഗ്യപരമായ കാരണങ്ങളാൽ അതിരൂപതാചുമതലയിൽനിന്ന് എന്നെ ഒഴിവാക്കണമെന്ന 2024 സെപ്റ്റംബർ മാസത്തിൽ ഞാൻ നൽകിയ അപേക്ഷ പരിഗണിച്ച്, പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ 2025 ജനുവരി 11-ന് എന്നെ എറണാകുളം-അങ്കമാലി അതിരൂപതാ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ചുമതലയിൽനിന്ന് വിരമിക്കാൻ അനുവദിച്ചതിന് ഞാൻ പരിശുദ്ധപിതാവിനോട് നന്ദിപറയുന്നു. പരിശുദ്ധപിതാവിനോടും സീറോമലബാർ മെത്രാൻ സിനഡിനോടും മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിനോടും മാർ ജോസഫ് പാംപ്ലാനി പിതാവിനോടും അനുസരണത്തോടും സഹകരണത്തോടുംകൂടി എല്ലാവരും പ്രവർത്തിച്ച് നമ്മുടെ അതിരൂപത കൂടുതൽ ഐക്യത്തിലും കൂട്ടായ്മയിലും സ്നേഹത്തിലും വളരാൻ ഇടവരട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

നമ്മുടെ അതിരൂപതയെ സ്നേഹിക്കുകയും അതിരൂപതയിലെ വൈദികരെ അറിയുകയും ചെയ്യുന്ന മാർ പാംപ്ലാനി പിതാവിന്റെ ശ്ലൈഹിക ശുശ്രൂഷ നമ്മുടെ അതിരൂപതയ്ക്ക് ഈ പ്രത്യേകസാഹചര്യത്തിൽ ദൈവാനുഗ്രഹത്തിന്റെ സവിശേഷമായ ഇടപെടലായി ഞാൻ കരുതുന്നു. കർത്താവിന് നന്ദിപറയുന്നു.

*"വൈദികരേ, നിങ്ങളുടെ തിരുപട്ടത്തെയും അതിലൂടെ ഏറ്റെടുത്ത പ്രതിബദ്ധതയെയും ഓർക്കുക. നിങ്ങളുടെ സഭയുടെ പാതയിൽനിന്ന് നിങ്ങൾ വ്യതിചലിച്ചുപോകാതെ സിനഡിന്റെയും നിങ്ങളുടെ മെത്രാന്മാരുടെയും മേജർ ആർച്ചുബിഷപ്പിന്റെയും ഒപ്പം സഞ്ചരിക്കുക. നിങ്ങളുടെ സിനഡ് തീരുമാനിച്ച കാര്യങ്ങൾ നടപ്പിലാക്കുക."* 2023 ഡിസംബർ 7-ന് ഫ്രാൻസിസ് പാപ്പ വീഡിയോസന്ദേശത്തിലൂടെ നമുക്കു നൽകിയ ഉപദേശം ഈ അവസരത്തിൽ ഞാൻ അനുസ്മരിക്കുന്നു.

എന്നെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആയി നിയമിച്ചുകൊണ്ട്, യഥാസമയങ്ങളിൽ ആവശ്യമായ പൈതൃകനിർദ്ദേശങ്ങൾ നല്കിയനുഗ്രഹിച്ച ഫ്രാൻസിസ് പാപ്പയക്ക് ഞാൻ നന്ദിപറയുന്നു. ഈ അവസരത്തിൽ നമ്മുടെ മേജർ ആർച്ചുബിഷപ്പുമാരായിരുന്ന കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനും മാർ റാഫേൽ തട്ടിൽ പിതാവിനും എന്റെ നന്ദി! പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ക്ലൗദിയോ ഗുജറോത്തിക്കും പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ചുബിഷപ് സിറിൾ വാസിൽ പിതാവിനും ഞാൻ നന്ദി പറയുന്നു.

അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്നനിലയിൽ ഒരു വർഷത്തിലേറെക്കാലം എനിക്കുതന്ന സ്നേഹത്തിനും പരിഗണനയ്ക്കും സഹകരണത്തിനും അതിരൂപതയിലെ അച്ചന്മാരോടും സമർപ്പിതരോടും അത്മായ സഹോദരരോടും ഞാൻ ഏറെ കടപ്പെട്ടവനാണ്. ഏറെ നന്ദിയോടെ നിങ്ങളെ ഏവരേയും ഞാൻ എന്റെ പ്രാർത്ഥനയിൽ ഓർക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമെന്നപേക്ഷിക്കുന്നു.

അതിരൂപതയുടെ അജപാലനശുശ്രൂഷയിൽ എന്നെ ഏറെസഹായിച്ച മുൻകൂരിയാ അംഗങ്ങളെ ഓരോരുത്തരെയും ഓർത്ത് ഞാനവർക്ക് നന്ദി പറയുന്നു. വളരെ സംഘർഷം നിറഞ്ഞതും ബുദ്ധിമുട്ടുള്ളതുമായ സാഹചര്യത്തിൽ കൂരിയ പുനഃസംഘടിപ്പിക്കാൻ ഞാൻ നിർബന്ധിതനായപ്പോൾ എന്നെ സഹായിക്കാൻ ത്യാഗമനോഭാവത്തോടെ മുന്നോട്ടുവന്ന ഇപ്പോഴത്തെ കൂരിയാ അംഗങ്ങളോട് ഞാൻ ഏറെ കടപ്പെട്ടവനാണ്. അതിരൂപതാകാര്യാലയത്തിൽ വിവിധ തസ്തികകളിൽ

പ്രവർത്തിക്കുന്ന അച്ചന്മാർക്കും സിസ്റ്റേഴ്സിനും അല്മായ സഹോദരീ-സഹോദരന്മാർക്കും എന്റെ നന്ദി! ദൈവം അവർക്കൊക്കെ തക്കപ്രതിസമ്മാനം നൽകട്ടെ.

കുരിശിന്റെവഴിയിൽ അഞ്ചാംസ്ഥലത്ത് ഈശോയുടെ കുരിശെടുക്കാൻ സഹായിച്ച ശിമയോന്റെ എളിയ ദൗത്യമാണ് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ സഭ എന്നെ ഏല്പിച്ചതെന്ന ബോധ്യത്തോടെയാണ് ഞാൻ ഈ ശുശ്രൂഷ നിർവ്വഹിക്കാൻ ശ്രമിച്ചിരുന്നത്. ഈശോയുടെ ശിഷ്യത്വത്തോടുള്ള പ്രതിബദ്ധത എനിക്ക് ശക്തിനൽകി. സഭയോടും സഭാധികാരികളോടും അനുസരണവും വിധേയത്വവും പാലിക്കാൻ ഞാൻ എന്നും പരിശ്രമിച്ചിട്ടുണ്ട്. എറണാകുളം-അങ്കമാലി അതിരൂപതയിലെ അച്ചന്മാരേയും സമർപ്പിതരേയും ദൈവജനത്തെ മുഴുവനും സ്നേഹത്തിന്റെ കൂട്ടായ്മയിൽ വളർത്താൻ ഞാൻ ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്. എന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ചകൾക്കും കുറവുകൾക്കും നല്ല തമ്പുരാനോടും നിങ്ങൾ ഓരോരുത്തരോടും ഞാൻ മാപ്പു ചോദിക്കുന്നു.

ഒറ്റയ്ക്കല്ല, ഒറ്റപ്പെട്ടല്ല, ഒറ്റക്കെട്ടായി സീറോമലബാർസഭയോടൊപ്പം കൂട്ടായ്മയിൽ കർത്താവിങ്കലേക്ക് പ്രത്യാശയോടെ തീർത്ഥാടനം ചെയ്യാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ഔദ്യോഗികചുമതലകളിൽനിന്നും വിരമിച്ചെങ്കിലും, തുടർന്നുള്ള എന്റെ മേൽപട്ടശുശ്രൂഷ ദൈവാനുഗ്രഹപ്രദമാകാൻ നിങ്ങളുടെ പ്രാർത്ഥന ഞാൻ യാചിക്കുന്നു.

ഈശോയുടെ തിരുഹൃദയം നമ്മുടെ അതിരൂപതയെ സംരക്ഷിക്കട്ടെ.

മിശിഹായിൽ സ്നേഹത്തോടെ,

ബിഷപ് ബോസ്കോ പുത്തൂർ
2025 ജനുവരി 11

No. 4080/K-5/KCBC/OL/DS 22.01.2025

# തിരുബാലസഖ്യ ദിനം

**കെ.സി.ബി.സി.**

**വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുവിൽ പ്രിയ മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, വത്സലമക്കളെ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യ ദിനം ആചരിക്കുന്നത് ഫെബ്രുവരി 09-ാം തീയതി ഞായറാഴ്ചയാണ്. നമ്മുടെ കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യംവെച്ച് ആഗോള കത്തോലിക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാല സഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്ന വർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധി യിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പാ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരി ക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്ന തിനും വികസിപ്പിക്കു ന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബ ത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പി താവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാ പിതാക്കളുടെ ദൗത്യ നിർവ്വഹണത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്, ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവയിലെല്ലാം മാതാപിതാക്കൾ സഹായമേകണം. (സ്നേഹത്തിന്റെ ആനന്ദം 260).

ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചുകൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നത് പോലെ 'യേശുവിനോ കന്യകാമാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവ പദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്.

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. ജനറേഷൻ ബീറ്റ തലമുറയുടെ കാലഘട്ടമാണ് ഇനി. 2025 നും 2039 നും ഇടയിൽ ജനിക്കുന്ന കുട്ടികൾ ജനറേഷൻ ബീറ്റാ തലമുറയെ

ന്നാണ് അറിയപ്പെടുന്നത്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾപോലും കാറ്റത്ത് വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്കു'കളുടെ എണ്ണംനോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെതന്നെയും കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വകാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈഗീക വൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാവിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തു ചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടുവരണം. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി

കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ യേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന്റെ പടിവാതിൽപോലും കണ്ടിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞുമിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചസംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ

തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിന് മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ,

**ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ**
ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാത്യൂസ് മാർ പോളികർപ്പോസ്**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് പീറ്റർ അബിർ ആന്റണി സ്വാമി**
വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം

..............................................

NB: 2025 ഫെബ്രുവരി 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

No. 4070/K-5/KCBC/OL/DS

20 December 2024

## കുർബാനധർമ്മം

2024 ഡിസംബർ 5-ാം തിയതി കൂടിയ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തീരമാനപ്രകാരം കേരള കത്തോലിക്കാ സഭയിൽ വരുന്ന ഏപ്രിൽ ഒന്നാം തിയതി മുതൽ സാധാരണ കുർബാന (ഒറ്റക്കുർബാന)യുടെ ധർമ്മം (Mass stipend) നൂറ്റിയൻപതു രൂപയായിരിക്കും. ഇതിനെ അടിസ്ഥാനപ്പെടുത്തി അതാതു വ്യക്തിഗത സഭകളിൽ നിലവിലുള്ള വിവിധ കുർബാന ധർമ്മങ്ങൾ പരിഷ്ക്കരിക്കാവുന്നതാണ്.

+Baselios Cleemis

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ**
പ്രസിഡന്റ്, കെസിബിസി

PRESIDENT
His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

VICE-PRESIDENT
His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

SECRETARY GENERAL
His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chovva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
POC, PB No. 2251
Palarivattom, Kochi-685 025
Ph: 0484-2805815,
2805722
Email: jacobgpala@gmail.com

# കച്ചേരിക്കാര്യം

## അറിയിപ്പ്

മാർ ജോസഫ് പാംപ്ലാനി പിതാവ് എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായി ചുമതല ഏറ്റെടുത്തിരിക്കുന്ന സാഹചര്യത്തിൽ, വിശുദ്ധ കുർബാനയിലും മറ്റുപ്രാർത്ഥനകളിലും അഭിവന്ദ്യ പിതാക്കന്മാരെ താഴെ പറയുംവിധം അനുസ്മരിക്കേണ്ടതാണ്.

> ... ഞങ്ങളുടെ സഭയുടെ പിതാവും തലവനും അതിരൂപതാദ്ധ്യക്ഷനുമായ **മേജർ ആർച്ചുബിഷപ് മാർ റാഫേൽ മെത്രാപ്പോലീത്തായ്ക്കും**, **അതിരൂപതയ്ക്കുവേണ്ടിയുള്ള വികാരി മാർ ജോസഫ് പിതാവിനു**വേണ്ടിയും ...

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രോ പ്രോട്ടോസിഞ്ചെല്ലൂസ്**

# പുതുക്കിയ തിരുക്കർമ്മ നിരക്കുകൾ (2025)

## എറണാകുളം – അങ്കമാലി അതിരൂപത

എറണാകുളം-അങ്കമാലി അതിരൂപതാ പ്രോവിൻസ് കൂരിയ മീറ്റിംഗ് 2025 ജനുവരി 23-ാം തീയതി വ്യാഴാഴ്ച മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. എറണാകുളം-അങ്കമാലി അതിരൂപതയുടെയും സാമന്ത രൂപതകളായ കോതമംഗലം, ഇടുക്കി രൂപതകളുടേയും കൂരിയ അംഗങ്ങൾ ഇതിൽ പങ്കെടുത്തു. 2024 ഡിസംബർ 5-നു നടന്ന കെ.സി.ബി.സി. ഒറ്റകുർബാനയുടെ ധർമ്മം വർദ്ധിപ്പിച്ചതീരുമാനത്തെ അടിസ്ഥാനപ്പെടുത്തി കുർബാനയുടെയും മറ്റു തിരുക്കർമ്മങ്ങളുടെയും ധർമ്മം വർദ്ധിപ്പിക്കാൻ ചർച്ചചെയ്ത് തീരുമാനിച്ചു. **2025 ഏപ്രിൽ 1-മുതൽ** പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വരുന്നതാണ്. 2025 മാർച്ച് 31-നകം പഴയനിരക്കിലുള്ള കുർബാനധർമ്മങ്ങൾ ബഹുമാനപ്പെട്ട വൈദികർ അതിരൂപതാകച്ചേരിയിൽ ഏല്പിക്കേണ്ടതാണ്. 2025 ഏപ്രിൽ 1-മുതൽ പുതുക്കിയ നിരക്കിലുള്ള കുർബാനധർമ്മങ്ങൾ മാത്രമേ അതി

രൂപതാകച്ചേരിയിൽ സ്വീകരിക്കുകയുള്ളൂ. **നമ്മുടെ അതിരൂപതയിലെ പുതുക്കിയ തിരുക്കർമ്മനിരക്കുകൾ ചുവടെ ചേർക്കുന്നു.**

| തിരുക്കർമ്മം | ധർമ്മം | കാർമ്മി | സഹകാർമ്മി | കപ്യാർ | ഗായകർ | പള്ളി |
|---|---|---|---|---|---|---|
| ഒറ്റക്കുർബാന | 150.00 | 150.00 | | | | |
| ആഘോഷമായ കുർബാന | 250.00 | 180.00 | | 25.00 | 25.00 | 20.00 |
| റാസ കുർബാന | 1500.00+TA | 300.00 | 250 X 3 | 200.00 | 150.00 | 100.00 |
| ഗ്രിഗോരിയൻ കുർബാന | 7,500.00 | 7,500.00 | | | | |
| അന്നിദ | 10.00 | 10.00 | | | | |
| ഒപ്പീസ് (പള്ളിയിൽ) | 30.00 | 15.00 | | 8.00 | | 7.00 |
| ഒപ്പീസ് (സെമിത്തേരിയിൽ) | 50.00 | 30.00 | | 10.00 | | 10.00 |
| വലിയ ഒപ്പീസ് | 75.00 | 40.00 | | 20.00 | | 15.00 |
| ലെദീഞ്ഞ് | 100.00 | 50.00 | | 15.00 | 15.00 | 20.00 |
| തിരുനാൾ കൊടിയേറ്റ് | 500.00 | 250.00 | | 100.00 | 75.00 | 75.00 |
| തിരുനാൾ പ്രദക്ഷിണം (ആഘോഷമായത്) | 1000.00 | 500.00 | 150 X 2 | 100.00 | 100.00 | |
| തിരുനാൾ പ്രദക്ഷിണം (സാധാരണ) | 600.00 | 400.00 | | 100.00 | 100.00 | |
| തിരിവെഞ്ചിരിപ്പ് | 100.00 | 50.00 | | 20.00 | 15.00 | 15.00 |
| നൊവേന | 100.00 | 50.00 | | 20.00 | 15.00 | 15.00 |
| സ്തോത്രഗീതം | 250.00 | 150.00 | | 40.00 | 30.00 | 30.00 |
| സമർപ്പണം (അടിമ) | 30.00 | 15.00 | | 5.00 | | 10.00 |
| പ്രസംഗം (തിരുനാൾ) | 1000.00 | 1000.00 | | | | |
| മൃതദേഹസംസ്കാരം | 500.00 | | | 300.00 | | 200.00 |
| ചാത്തം/ഊട്ട് നേർച്ച (വീട്ടിൽ) | 200.00 | 100.00 | | 50.00 | | 50.00 |
| തിരിപ്പണം | 100.00 | 100.00 | | | | |

- **ആത്മകാര്യം ഒറ്റക്കുർബാന/പാട്ടുകുർബാന**: സാധാരണ നിരക്കിനേക്കാൾ **50** ശതമാനം കൂടുതൽ ഈടാക്കാം.
- **ആത്മകാര്യം തിരുക്കർമ്മങ്ങൾ**: ഏറ്റവും കുറഞ്ഞ നിരക്ക് **5000.00** രൂപ. നിയോഗത്തിന്റെ പരമാവധി കാലാവധിയായ 25 വർഷത്തിനുശേഷം ഈ തുക വൈദികക്ഷേമനിധിയിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

- **തിരുനാളിനോടനുബന്ധിച്ചുള്ള വിശേഷാൽ ശുശ്രൂഷകൾ**: തിരുനാളിനോടനുബന്ധിച്ചുള്ള വിശേഷാൽ ശുശ്രൂഷകൾ പരിഗണിച്ച് ദിവസം ഒന്നിന് വികാരി, അസിസ്തേന്തി എന്നിവർക്കു **250.00** രൂപ വീതവും ദേവാലയ ശുശ്രൂഷിക്കും പള്ളി ജോലിക്കാർ ഓരോരുത്തർക്കും **200.00** രൂപ വീതവും അലവൻസായി നല്കണം. പാട്ടുകാർക്ക് തിരുനാളിനു മൊത്തമായി **1500.00** രൂപ നല്കേണ്ടതാണ്.
- **സ്ഥിരതാമസമില്ലാത്ത പള്ളികളിലെ ശുശ്രൂഷയ്ക്ക് വൈദികർക്കുള്ള പ്രതിമാസ അലവൻസ്**: ആഴ്ചയിൽ ഒരു കുർബാന - **2000.00**, രണ്ടു കുർബാന - **2500.00**, മൂന്ന് കുർബാന - **3000.00**

  **NB** : ആഴ്ചയിൽ മൂന്ന് കുർബാനയിൽ കൂടുതലുണ്ടെങ്കിൽ ഓരോ കുർബാനയ്ക്കും **500.00** രൂപ വീതം പ്രതിമാസം കൂടുതൽ നൽകേണ്ടതാണ്.
- **ദേവാലയ ശുശ്രൂഷി**: പിറവി, നവവത്സരാരംഭം (പാതിരാ കുർബാനയുള്ളിടത്ത്), വിഭൂതി, ഓശാന, പെസഹാ, ദുഃഖവെള്ളി, വലിയശനി, ഉയിർപ്പ്, വാർഷികധ്യാനം, പന്ത്രണ്ട് മണിക്കുർ ആരാധന, നാൽപതു മണിക്കൂർ ആരാധന (ഓരോ ദിവസവും), ആദ്യകുർബ്ബാന സ്വീകരണം, തിരുപ്പട്ടം, വ്രതവാഗ്ദാനം, ആണ്ടുവട്ടത്തിലെ പ്രധാന തിരുനാളുകൾ (ഏറ്റവും കൂടുതൽ മൂന്ന്) സകല മരിച്ചവരുടെയും ഓർമ്മ എന്നീ ദിവസങ്ങളിൽ ദേവാലയശുശ്രൂഷിക്ക് **500.00** രൂപ വീതം പ്രത്യേകം നൽകേണ്ടതാണ്.
- **പതിവു സമയത്തിനു പുറമെയുള്ള തിരുക്കർമ്മങ്ങൾ**: പള്ളിയിൽ പൊതുവായി നിശ്ചയിച്ചിരിക്കുന്ന സമയത്തിന് പുറമെ പ്രത്യേക ആവശ്യപ്രകാരം നടത്തുന്ന മാമ്മോദീസ, വിവാഹം തുടങ്ങിയ തിരുക്കർമങ്ങൾക്ക് കുർബാനയോടു കൂടിയാണെങ്കിൽ ഫുൾ ടൈം ദേവാലയ ശുശ്രൂഷിക്ക് **250.00** രൂപയും പാർട്ട് ടൈം ദേവാലയ ശുശ്രൂഷിക്ക് **350.00** രൂപയും കുർബാനയോടുകൂടിയല്ലെങ്കിൽ ഫുൾ ടൈം ദേവാലയ ശുശ്രൂഷിക്ക് **200.00** രൂപയും പാർട്ട് ടൈം ദേവാലയ ശുശ്രൂഷിക്ക് **300.00** രൂപയും നൽകേണ്ടതാണ്.
- **വീഡിയോ/ജനറേറ്റർ തുടങ്ങിയവ**: വീഡിയോ, ജനറേറ്റർ, മൈക്ക്, വൈദ്യുതി തുടങ്ങിയവയ്ക്ക് അതാതു ഇടവകകളിലെ സാഹചര്യങ്ങളും ഉപയോഗവും കണക്കിലെടുത്ത് ഇടവക പ്രതിനിധിയോഗത്തിന്റെ ഉചിതവും നീതിയുക്തവുമായ നിർദ്ദേശമനുസരിച്ച് നിരക്കുകൾ നിശ്ചയിച്ച് അതിരൂപതക്കച്ചേരിയിൽനിന്ന് അനുവാദം വാങ്ങേണ്ടതാണ്.
- **പള്ളിമുറിയിൽ ഉണ്ടായിരിക്കേണ്ട സാധനങ്ങൾ/ഉപകരണങ്ങൾ**: ഇടവകയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർ താമസിക്കുന്ന ഓരോ മുറിയിലും ആവശ്യമായ ഫർണിച്ചറും സാധന സാമഗ്രികളും പള്ളിചെലവിൽ ഉണ്ടാക്കി സൂക്ഷിക്കേണ്ടതാണ്. കട്ടിൽ, ഓഫീസ് മേശ, മേശ, കസേര ആവശ്യത്തിന്, ബുക്ക് ഷെൽഫ് ആവശ്യത്തിന്, ഗ്യാസ് കണക്ഷൻ, ഊട്ടുമുറിയിലും, കുശിനിയിലും

ആവശ്യമായ അലമാരകൾ, ഫർണിച്ചറുകൾ, ഫ്രിഡ്ജ്, വാഷിങ്ങ് മെഷീൻ എന്നിവ പള്ളിചെലവിൽ വാങ്ങേണ്ടതും മുറിച്ചാർത്തിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്. ബഹുമാനപ്പെട്ട വൈദികർ സ്ഥലം മാറിപോകുമ്പോൾ കൈക്കാരന്മാർ സാധനങ്ങൾ ഏറ്റുവാങ്ങി പിൻഗാമികളെ ഏല്പിക്കേണ്ടതാണ്.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

---

# Transfers/Appointments of Priests

## January 2025

| | |
|---|---|
| Arampilly Paul (Jismon) | Secretary to the Archbishop |
| Kanamkudam George | Medical Leave (Resi. Santhom Bhavan, Pothy) |
| Kattayil Mathew (Denny) | Relieved - Dept. of Family Units & Parish Renewals - Director |
| Kodumkandathil Antony SMP | Attara - Priest-in-charge |
| Manickathan Varghese (Dinto) | Alangad - Vicar Asst. (Relieved - Asst. Manager - Mar Louis Book Centre, Ernakulam) |
| Mundadan Tharian | Medical Leave (Resi. St. Paul's Priest Home, Edakkunnu) |
| Palackappilly Jacob G. | Pro Proto Syncellus & Director, Dept. of Family Units & Parish Renewals |
| Puthuva Joshy | Chancellor |
| Vellanjiyil Antony (Albin) | Koratty - Vicar Asst. |

## December 2024

| | |
|---|---|
| Anithottathil Gervasis | Archdiocesan - Promoter of Justice |
| Koottunkal Sebastian | Medical Leave (Resi. Edakkunnu - St. Paul's Priest Home) |
| Kothampananiyil Peter OCD | Metropolitan Tribunal - Judge, Administrative Tribunal - Member |
| Paranilam Zacharias | Palarivattom - Administrator |
| Vattaparambil Antony (Sinoy) | Karippassery - Priest-in-charge |
| Vellattuparambil Varghese (Praveen) | Neericode - Vicar |

*Chancellor*

# NOTICE

On 10 January 2025, Bishop Bosco Puthur, who was then the Apostolic Administrator, has suspended the following priests of the Major Archdiocese of Ernakulam-Angamaly: Fr. Sebastian Thalian, Fr. Sebastian (Rajan) Punnakkal, Fr. George (Sunny) Kalappurackal, Fr. Paul (Jery) Njaliath, Fr. Alex Kareemadom, Fr. Paul Chittinappilly, due to their actions causing grave infractions in accordance with canons 1437, 1446 §1, 1447 §§1-2, 1448 §§1-2, 1452, and related provisions of canon law. In light of these grave infractions, the following disciplinary actions were imposed upon the above priests: prohibition of the public administration of sacraments and prohibition of public statements. Moreover, until the definitive conclusion of the penal judicial process, they remain under these restrictions and prohibitions in accordance with canon law.

Please note that the restrictions and prohibitions mentioned above summarize the measures imposed on 10 January 2025 by the then Apostolic Administrator. All priests, religious, and lay faithful are hereby reminded that the aforementioned priests are strictly forbidden from celebrating or concelebrating the Holy Eucharist in any church or chapel. Furthermore, they are prohibited from administering sacraments or sacramentals in any Catholic church, sacred place, or to any member of the Catholic faithful anywhere in the world, with due regard for canons 725 and 1435 §2 of the Code of Canons of the Eastern Churches, until further notice. Any wilful violation of this directive may result in canonical penalties.

Fr. Joshy Puthuva
Chancellor

# വാർത്തകളും വിശേഷങ്ങളും

## ജ്ഞാനസ്നാനം, കുട്ടികൾക്ക് മാതാപിതാക്കൾ നൽകുന്ന അമൂല്യസമ്മാനമാണ്: ഫ്രാൻസിസ് പാപ്പാ

യേശുവിന്റെ ജ്ഞാനസ്നാന തിരുനാൾ ആഘോഷിച്ച ജനുവരി മാസം 12-ാം തീയതി ഞായറാഴ്ച, ഫ്രാൻസിസ് പാപ്പാ വത്തിക്കാനിലെ സിസ്റ്റൈൻ കപ്പേളയിൽ ഏതാനും കുട്ടികൾക്ക് മാമോദീസ നൽകി.

വിശ്വാസത്തിന്റെ ദാനമായ മാമോദീസ എന്ന കൂദാശ, സഭയും മാതാപിതാക്കളും കുഞ്ഞുങ്ങൾക്ക് നൽകുന്ന മഹത്തായ സമ്മാനമാണെന്നു പാപ്പാ പറഞ്ഞു. അതിനാൽ ത്രിത്വയ്ക നാമത്തിൽ ഈ കൂദാശയിൽ ഒരുമിച്ചു പങ്കെടുക്കുവാനും പാപ്പാ എല്ലാവരെയും ക്ഷണിച്ചു. കൂദാശ സ്വീകരിക്കുന്ന കുരുന്നുകൾ, ദൈവവിശ്വാസത്തിലും, യഥാർത്ഥമാനവികതയിലും, കുടുംബത്തിലെ സന്തോഷത്തിലും വളർന്നുവരുവാൻ അവർക്കുവേണ്ടി കർത്താവിനോട് പ്രാർത്ഥിക്കുവാനും പാപ്പാ എല്ലാവരെയും ആഹ്വാനം ചെയ്തു.

വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള ഇരുപത്തിയൊന്ന് കുട്ടികൾക്കാണ് ഫ്രാൻസിസ് പാപ്പാ മാമോദീസ പരികർമ്മം ചെയ്തത്. യേശുവിന്റെ ജ്ഞാനസ്നാനതിരുനാൾ ആഘോഷിക്കുന്ന ദിനത്തിൽ വത്തിക്കാനിൽ പാപ്പാ മാമോദീസ പരികർമ്മം ചെയ്യുന്നത്, മാമോദീസയുടെ മഹത്വം എടുത്തുകാണിക്കുന്നതും, ക്രിസ്തുവിൽ പുതിയ സൃഷ്ടികളാകുവാനുള്ള നമ്മുടെ ഉത്തരവാദിത്വം അടിവരയിടുന്നതുമാണ്.

## മതാന്തരസംവാദ ഡിക്കസ്റ്ററിയിൽ പ്രീഫെക്റ്റായി കർദിനാൾ ജോർജ് കൂവക്കാട്

വൈദികനായിരിക്കെ, ഫ്രാൻസിസ് പാപ്പാ കർദിനാൾ പദവിയിലേക്ക് ഉയർത്തിയ ഭാരതീയനായ കർദിനാൾ ജോർജ് കൂവക്കാട് വത്തിക്കാ

നിലെ മതാന്തരസംവാദഡിക്കസ്റ്ററിയുടെ പ്രീഫെക്റ്റായി നിയമിക്കപ്പെട്ടു. ജനുവരി മാസം 24-ാം തീയതിയാണ്, ഫ്രാൻസിസ് പാപ്പാ, ഈ പുതിയ നിയോഗത്തിനു കർദിനാളിനെ ചുമതലപ്പെടുത്തിയത്. അതേസമയം, പാപ്പയുടെ വിദേശയാത്രകൾ സംഘടിപ്പിക്കുന്ന തന്റെ ഉത്തരവാദിത്വങ്ങളും അദ്ദേഹം തുടരും.

എല്ലാ മതങ്ങളെയും ബഹുമാനിക്കുകയും ഐക്യം ഉറപ്പാക്കുകയും ചെയ്യുന്ന ഒരു ബഹുസാംസ്കാരികവും ബഹുമതപരവുമായ സമൂഹത്തിലാണ് താൻ ജനിച്ചത്, അതിനാൽ മതാന്തര സംവാദങ്ങൾ ഇന്ത്യൻ ആത്മീയതയുടെ ഭാഗമാണെന്നും കർദിനാൾ പറഞ്ഞു. അതിനാൽ മതിലുകളല്ല, പാലങ്ങളാണ് ക്രിസ്ത്യാനികൾ പണിയേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മതാന്തര സംഭാഷണം കേവലം മതങ്ങൾ തമ്മിലുള്ള സംഭാഷണമല്ല, മറിച്ച് ദൈവവിശ്വാസത്തിന്റെ സൗന്ദര്യത്തിനു സാക്ഷ്യം വഹിക്കുന്നതാണെന്നും കർദിനാൾ ചൂണ്ടിക്കാണിച്ചു. ഇസ്ലാം മത വിശ്വാസികളുമായുള്ള സംഭാഷണത്തിനും ഏറെ ഊന്നൽ നൽകുമെന്നും അദ്ദേഹം പറഞ്ഞു.

പരിശുദ്ധ പിതാവുമായി നടത്തിയ വിദേശ യാത്രകൾ, പ്രത്യേകിച്ചും മറ്റു മതങ്ങൾ ഭൂരിപക്ഷം വരുന്ന രാജ്യങ്ങളിൽ, താൻ അനുഭവിച്ച മതസൗഹാർദ്ദ കൂട്ടായ്മകളും, സംഭാഷണങ്ങളും തന്റെ ഈ പുതിയ ദൗത്യനിർവഹണത്തിനു ഏറെ സഹായകരമാകുമെന്നും കർദിനാൾ പങ്കുവച്ചു. ഇറാഖിലേക്കുള്ള ചരിത്രപരമായ സന്ദർശന വേളയിൽ നജാഫിലെ ഗ്രാൻഡ് ആയത്തുല്ല സയ്യിദ് അലി അൽ-സിസ്താനിയുമായി പരിശുദ്ധ പിതാവ് നടത്തിയ സംഭാഷണത്തിന്റെ പ്രാധാന്യം തന്റെ ജീവിതത്തിൽ ഏറെ പ്രചോദനമായെന്നതും കർദിനാൾ കൂവക്കാട് അടിവരയിട്ടു പറഞ്ഞു.

* * * * *

# Dept. of Archdiocesan Public Relations

**Press Release** 09-01-2025
**EKM/PRO/2025/01**

## പ്രസ്താവന

### എറണാകുളം-അങ്കമാലി അതിരൂപതയിൽ പാസ്റ്ററൽ കൗസിൽ നിലവിലില്ല

**കൊച്ചി:** എറണാകുളം-അങ്കമാലി അതിരൂപതയുടെ 2018-2021 കാലയളവിലെ പാസ്റ്ററൽ കൗസിലിന്റെ കാലാവധി പൂർത്തിയായ വേളയിൽ 2021 ഏപ്രിൽ 22-ന് അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന 178-മത് വൈദിക സമിതി യോഗത്തിൽ, പാസ്റ്ററൽ കൗസിലിന്റെ കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിക്കണമെന്ന അംഗങ്ങളുടെ അഭിപ്രായത്തെ പരിഗണിച്ചുകൊണ്ട്, 2018-2021 കാലയളവിലെ പാസ്റ്ററൽ കൗസിലിന്റെ കാലാവധി 2022 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു (*എറണാകുളം മിസ്സം*, മാർച്ച് 2022, No: 3, Vol. 65).

എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലവിൽ പാസ്റ്ററൽ കൗസിൽ പ്രവർത്തിക്കുന്നില്ല. അങ്ങനെ ഒരു സമിതി നിലവില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കൗസിലിന്റെ മുൻസെക്രട്ടറിയായിരുന്ന ശ്രീ. പി. പി. ജരാർദ്, പാസ്റ്ററൽ കൗസിൽ സെക്രട്ടറി എന്ന പേരിൽ വിവിധവേദികളിലും യോഗങ്ങളിലും പാസ്റ്ററൽ കൗസിലിനെ പ്രതിനിധാനം ചെയ്യുന്നവിധം ഇപ്പോഴും പങ്കെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാലാണ് ജനങ്ങളുടെ അറിവിലേക്കായി ഇപ്രകാരം ഒരു പ്രസ്താവന നൽകുന്നത്. ആയതിനാൽ, ശ്രീ. പി. പി. ജരാർദ് എന്ന വ്യക്തിക്ക് അതിരൂപതാതലത്തിൽ യാതൊരുവിധ ചുമതലകളുമില്ല. മാത്രമല്ല, നിലവിലില്ലാത്ത ഒരു കൗസിലിനെ പ്രതിനിധാനം ചെയ്യാൻ അദ്ദേഹത്തിന് അർഹതയില്ലാത്തതുമാണ്.

ഫാ. ജോഷി പുതുവ
പബ്ലിക് റിലേഷൻസ് ഓഫീസർ
എറണാകുളം-അങ്കമാലി അതിരൂപത

**Press Release**
**EKM/PRO/2025/02**

11-01-2025

**എറണാകുളം-അങ്കമാലി അതിരൂപത ആസ്ഥാനത്ത് അതിക്രമിച്ചു കടന്ന് അവിടം സമരവേദിയാക്കിയ വൈദികർക്ക് അന്വേഷണ വിധേയമായി സസ്പെൻഷൻ കൊടുത്തു.**

**കൊച്ചി:** 2025 ജനുവരി 9-ആം തീയതി ഉച്ചകഴിഞ്ഞ് 3.00 മണിയോടു കൂടി മുന്നറിയിപ്പില്ലാതെ നൈപുണ്യ ഇന്റർനാഷണൽ എന്ന സ്ഥാപനത്തിന്റെ ക്ലാസ് മുറികളിലൂടെ അതിക്രമിച്ച് അതിരൂപത കേന്ദ്രത്തിലേക്ക് കടക്കുകയും സീറോമലബാർസഭാ മേജർ ആർച്ചുബിഷപ്പിന്റെ ആസ്ഥാന മന്ദിരത്തെസമരവേദിയാക്കി മാറ്റുകയും ചെയ്ത 21 വൈദികരിൽ നേതൃത്വം നൽകിയെ 6 പേർക്ക് എതിരെയാണ് അന്വേഷണ വിധേയമായി സസ്പെൻഷൻ കൊടുത്തത്. അതിരൂപതാ ആസ്ഥാനത്തെ സമരവേദിയാക്കാതെ എത്രയുവേഗം പിരിഞ്ഞുപോകണമെന്നും അല്ലാത്തപക്ഷം നടപടി സ്വീകരിക്കേണ്ടിവരും എന്നും കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നുവരുന്ന മെത്രാന്മാരുടെ സിനഡ് മുന്നറിയിപ്പ് നൽകിയിട്ടും പിരിഞ്ഞുപോകാതെ സമരം തുടർന്നതിനാലാണ് നടപടി എടുക്കേണ്ടതായി വന്നത്. അന്വേഷണ വിധേയമായി അവരെ വൈദികനടുത്ത ചുമതലകൾ നിർവഹിക്കുന്നതിൽനിന്നും മുടക്കിയിരിക്കുകയാണ്.

അതിക്രമിച്ചു കടക്കുന്നതിന് നേതൃത്വം കൊടുത്ത ഫാ. സെബാസ്റ്റ്യൻ തളിയൻ, ഫാ. രാജൻ പുന്നയ്ക്കൽ, ഫാ. ജെറി ഞാളിയത്ത്, ഫാ. സണ്ണി കളപ്പുരയ്ക്കൽ, ഫാ. പോൾ ചിറ്റിനപ്പിള്ളി, ഫാ. അലക്സ് കരീമഠം എന്നിവരെയാണ് സസ്പെന്റ് ചെയ്തത്. മറ്റു 15 വൈദികർക്ക് നടപടി സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കണം എന്ന നിർദ്ദേശത്തോടെ കാരണം കാണിക്കൽനോട്ടീസ് നൽകുകയും ചെയ്തു.

സസ്പെൻഷനിലായിരിക്കുന്ന കാലയളവിൽ അവർക്ക് ഇപ്പോൾ ചുമതല വഹിക്കുന്ന ഇടവകകളിലോ സ്ഥാപനങ്ങളിലോ തുടരാൻ കഴിയില്ല. പരസ്യമായി ബലിയർപ്പിക്കുന്നതിനോ, കൂദാശകളും, കൂദാശാനുകരണങ്ങളും പരികർമ്മം ചെയ്യുന്നതിനോ അനുവാദമുണ്ടാ

യിരിക്കുന്നതല്ല. മറ്റു പള്ളികളിൽ തിരുനാളിലോ വിവാഹം മുതലായ ചടങ്ങുകളിലോ സഹകാർമ്മികരോ ആകുന്നതിനും അനുവാദമുണ്ടായിരിക്കുകയില്ല. അവർക്ക് താമസിക്കുന്നതിന് നിശ്ചയിച്ചു നൽകിയിട്ടുള്ള സ്ഥലത്തു മാത്രം അവർ താമസിക്കേണ്ടതാണ്.

കാരണം കാണിയ്ക്കൽ നോട്ടീസ് നൽകിയിരിക്കുന്ന ഫാ. ജോസ് ചോലിക്കര, ഫാ. വർഗീസ് ചെരപ്പറമ്പിൽ, ഫാ. ജോയി പ്ലാക്കൽ, ഫാ. സാജു കോരേൻ, ഫാ. ഷെറിൻ പുത്തൻപുരക്കൽ, ഫാ. സ്റ്റെന്നി കുന്നേക്കാടൻ, ഫാ. ജെയിംസ് പനവേലി, ഫാ. അസിൻ തൈപറമ്പിൽ, ഫാ. ബാബു കളത്തിൽ, ഫാ. ജിതിൻ കാവാലിപ്പാടൻ, ഫാ. ടോം മുള്ളൻചിറ, ഫാ. അലക്സ് മേക്കാംതുരുത്തി, ഫാ. ബിനു പാണാട്ട്, ഫാ. ജോസ് വടക്കൻ, ഫാ. അഖിൽ മേനാച്ചേരി എന്നിവർ ഏഴ് ദിവസത്തിനുള്ളിൽ മറുപടി നൽകേണ്ടതുണ്ട്. അല്ലാത്തപക്ഷം അവർക്കെതിരെ കാനോൻ നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതായിവരും എന്നും അവരെ പ്രസ്തുത നോട്ടീസിലൂടെ അറിയിച്ചിട്ടുണ്ട്.

അതിരൂപത ആസ്ഥാനം കൈയേറി സമരവേദിയാക്കിയത് അങ്ങേയറ്റം അപലപനീയമാണ്. അതിരൂപത ആസ്ഥാനത്തിന്റെ ചുറ്റുമതിലുകളുടെ കവാടങ്ങളും മന്ദിരത്തിനകത്തെ പാസേജുകളും താഴിട്ടുപൂട്ടി കൂരിയ അംഗങ്ങളുടെ സഞ്ചാരസ്വാതന്ത്രം തടസ്സപ്പെടുത്തുകയും ക്യാമറകൾ മറച്ചുവച്ച് കൂരിയ അംഗങ്ങളുടെ മുറിയുടെ വാതിലുകളിൽ തട്ടിയും ബഹളം വച്ചും ജോലിക്ക് തടസ്സമുണ്ടാക്കിയും വൈദികർക്ക് യോജിക്കാത്തവിധം സമരക്കാർ പെരുമാറിയതും അപലപനീയമാണ്. ഇത്തരം കുറ്റകൃത്യങ്ങൾ നടത്തിയവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

ഫാ. ജോഷി പുതുവ
പബ്ലിക് റിലേഷൻസ് ഓഫീസർ
എറണാകുളം-അങ്കമാലി അതിരൂപത

**Press Release**
**EKM/PRO/2025/03**

23-01-2025

## തെറ്റിദ്ധാരണ പരത്തുന്ന പ്രസ്താവനകൾ ചർച്ചകളുടെ വിശ്വാസ്യത ഇല്ലാതാക്കും

**കൊച്ചി:** ഏകീകൃത വിശുദ്ധ കുർബാന അർപ്പണരീതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനില്ക്കുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് അതിരൂപതയ്ക്കു വേണ്ടി നിയോഗിക്കപ്പെട്ടിരിക്കുന്ന മേജർ ആർച്ചുബിഷപ്പിന്റെ വികാരി മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതയിലെ വൈദികരെയും അത്മായരെയും ഒറ്റയ്ക്കും ചെറിയ ഗ്രൂപ്പുകളുമായും കണ്ട് ചർച്ചകൾ നടത്തിവരികയാണ്. അഭിവന്ദ്യ പിതാവുമായി സംസാരിക്കാനും ആശയങ്ങൾ പങ്കുവയ്ക്കാനും താല്പര്യമുള്ളവർക്കു സെക്രട്ടറി അച്ചനുമായി ബന്ധപ്പെട്ട് മുൻകൂട്ടി സമയം ചോദിക്കാവുന്നതാണ്.

കഴിഞ്ഞ ദിവസങ്ങളിൽ അഭിവന്ദ്യ പാംപ്ലാനി പിതാവുമായി നടത്തിയ ചർച്ചകൾക്കുശേഷം ചില ഗ്രൂപ്പുകളും വ്യക്തികളും പ്രസ്താവനകളിലൂടെ തെറ്റിദ്ധാരണ പരത്തുന്നവിധം ചിലവിഷയങ്ങളിൽ ധാരണയായെന്നു പ്രസ്താവിക്കുകയുണ്ടായി. ഇപ്പോൾ നടക്കുന്ന ചർച്ചകൾ യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുന്നതിനും പരസ്പരവിശ്വാസം വളർത്തുന്നതിനും മുറിവുകൾ ഉണക്കുന്നതിനും വേണ്ടിയാണ്. ചർച്ചകളുടെ വെളിച്ചത്തിൽ ആവശ്യമായ തീരുമാനങ്ങൾ അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പുമായി ആലോചിച്ചതിനുശേഷം മാത്രം അറിയിക്കുന്നതാണ് എന്ന നിലപാട് അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് തുടക്കംമുതൽ എല്ലാവരേയും അറിയിച്ചിട്ടുള്ളതാണ്. എന്നാൽ, ഇത്തരം പ്രസ്താവനകളിലൂടെ തെറ്റിദ്ധാരണപരത്തുന്നതിനും ചർച്ചകളെ വഴിതിരിച്ചുവിടാനും ശ്രമിക്കുന്നത് നിലപാടുകളുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യപ്പെടുന്നതിനു മാത്രമേ ഉപകരിക്കുകയുള്ളൂ.

വിവിധതലങ്ങളിലെ ചർച്ചകൾക്കുശേഷം അതിരൂപതയ്ക്കു നന്മയാകുന്ന തീരുമാനങ്ങൾ സ്വീകരിക്കുന്നതിന് മേജർ ആർച്ചുബിഷപ്പിനെ സഹായിക്കുന്നതിനാണ് മാർ ജോസഫ് പാംപ്ലാനി പിതാവ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത് മനസ്സിലാക്കാതെ അനവസരത്തിലുള്ള പത്രപ്രസ്താവനകളോ പത്രസമ്മേളനങ്ങളോ സോഷ്യൽ മീഡിയ

വഴിയുള്ള പ്രചരണങ്ങളോ ആരും നടത്തരുത്. അതിരൂപതാ പി.ആർ.ഒ. നല്കുന്നതായിരിക്കും അതിരൂപതയുടെ ഔദ്യോഗിക നിലപാടുകളും തീരുമാനങ്ങളും.

കൂരിയ ഉൾപ്പെടെ കാനോനികസമിതികളുടെ പുനഃസംഘടന സമയ ബന്ധിതമായി നടത്തും എന്ന പിതാവിന്റെ അറിയിപ്പ് തെറ്റിദ്ധാരണ യ്ക്കിടയാക്കുംവിധം ചിലർ ഉപയോഗിച്ചിട്ടുണ്ട്. മേജർ ആർച്ചു ബിഷപ്പിന്റെ സുചിന്തിതമായ സമ്മതം ആവശ്യമുള്ള ഇത്തരം കാര്യ ങ്ങൾ ഉചിതമായ വേദികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച് അറിയി ക്കുന്നതാണ്.

അതിരൂപതയിലെ ഏതാനും വൈദികർക്കെതിരെ സ്വീകരിച്ചിട്ടുള്ള കാനോനിക നടപടികളുടെ സ്വഭാവവും സാഹചര്യവും പഠിച്ചശേഷം തുടർനടപടികൾ സ്വീകരിക്കുമെന്നാണ് പിതാവ് ഇക്കാര്യത്തിൽ അറിയിച്ചിട്ടുള്ളത്. ഒരു നടപടിയും പിൻവലിച്ചതായി പിതാവ് അറിയി ച്ചിട്ടില്ല. ഇതിനോടകം കാനോനികനടപടികൾ ആരംഭിച്ചവരുടെ കാര്യ ത്തിൽ, അവർക്കു നല്കിയിട്ടുള്ള ഉത്തരവിലും കാരണം കാണിക്കൽ നോട്ടീസിലും ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം ബന്ധപ്പെട്ടവർ പ്രവർത്തി ക്കേണ്ടതാണ്. ഇതുവരെ മറുപടി അയച്ചിട്ടില്ലാത്തവർ ഇന്നുമുതൽ ഏഴ് ദിവസത്തിനുള്ളിൽ രേഖാമൂലം മറുപടിനല്കേണ്ടതാണെന്ന് അഭിവന്ദ്യ പിതാവ് അറിയിക്കുന്നു. പ്രസ്തുത വൈദികരുടെ സഹകരണത്തോടെ നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ചതിനുശേഷംമാത്രമേ ശിക്ഷണനടപടികളിൽ ഒഴിവുനല്കണമോ വേണ്ടയോ എന്നു തീരു മാനിക്കാൻ കഴിയൂ. വൈദികരുടെ പൂർണസഹകരണം ഇക്കാര്യത്തിൽ ആവശ്യമാണ്. ശിക്ഷണനടപടികൾക്ക് വിധേയരായിട്ടുള്ള വൈദികർ തെറ്റിന്റെ ഗൗരവം വർധിപ്പിക്കാതിരിക്കേണ്ടതിന് പരസ്യമായി വിശുദ്ധ കുർബാനയർപ്പിക്കുന്നതിനോ, കൂദാശകളും, കൂദാശാനുകരണങ്ങളും പരികർമംചെയ്യുന്നതിനോ മുതിരരുത്.

സഭാവിരുദ്ധ പ്രവർത്തനങ്ങൾക്കു സഭാസംവിധാനങ്ങളും അതിരൂപതാ സ്ഥാപനങ്ങളും ഉപയോഗിക്കരുത് എന്ന് നേരത്തെതന്നെ നല്കിയി ട്ടുള്ള നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടെന്ന് വൈദികർ ഉറപ്പാക്കേണ്ട താണ്.

വൈദികർക്കും സമർപ്പിതർക്കും അത്മായർക്കും ഔദ്യോഗികാവശ്യ ങ്ങൾക്കായി എപ്പോൾ വേണമെങ്കിലും അരമനയിൽ വരുന്നതിനും

ഓഫീസ് സംബന്ധമായ കാര്യങ്ങൾ നടത്തുന്നതിനും സൗകര്യമുണ്ടായിരിക്കും. പിതാവിനെ കാണണമെന്നുള്ളവർ സമയം മുൻകൂട്ടി സെക്രട്ടറി അച്ചന്റെ പക്കൽനിന്ന് വാങ്ങാവുന്നതാണ്.

അതിരൂപതക്കു വേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നിർദേശപ്രകാരം ബന്ധപ്പെട്ട എല്ലാവരുടേയും അറിവിലേക്കായി നൽകുന്നത്.

ഫാ. ജോഷി പുതുവ
പബ്ലിക് റിലേഷൻസ് ഓഫീസർ,
എറണാകുളം-അങ്കമാലി അതിരൂപത

---

# AICO

## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

ജനുവരി 04 മാതാ എഡ്യുക്കേഷണൽ ഇൻസ്റ്റിട്യൂഷൻസ് ട്രസ്റ്റ്
ജനുവരി 09 മഡോണ ചാരിറ്റബിൾ ട്രസ്റ്റ്

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

ജനുവരി 03 ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി

ജനുവരി 14
1. നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, പൊങ്ങം
2. സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി

ജനുവരി 20 സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി

ജനുവരി 21 നിവേദിത, ചുണങ്ങംവേലി

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**



# നിര്യാതരായി



**സി. ഡെക്ലാൻ CMC**
(സെന്റ് തെരേസാസ് കോൺവെന്റ്, കൂനമ്മാവ്)
നിർമ്മല പ്രോവിൻസ്, ആലുവ

| | | |
|---|---|---|
| ജനനം | : | 27-10-1941 |
| വ്രതവാഗ്ദാനം | : | 04-04-1964 |
| മരണം | : | 24-01-2025 |



**സി. അനീറ്റ വടശ്ശേരി SD**
സെന്റ് മേരീസ് പ്രോവിൻസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 30-01-1935 |
| വ്രതവാഗ്ദാനം | : | 07-01-1956 |
| മരണം | : | 07-01-2025 |



**സി. അൽബീന മേക്കാട്ട് SD**
സെന്റ് മേരീസ് പ്രോവിൻസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 19-08-1942 |
| വ്രതവാഗ്ദാനം | : | 06-01-1963 |
| മരണം | : | 06-01-2025 |



**സി. സിൻഡ്യ MSJ**
(കൊച്ചുത്രേസ്യ വെളിയത്ത്, കൊരട്ടി)
നിർമ്മല പ്രോവിൻസ്, ആലുവ

| | | |
|---|---|---|
| ജനനം | : | 08-09-1938 |
| വ്രതവാഗ്ദാനം | : | 08-09-1962 |
| മരണം | : | 05-12-2024 |

# വിശ്വാസപരിശീലനകേന്ദ്രം

1. **വിശ്വാസപ്രഖ്യാപന ദിനം:** പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ വിശ്വാസപ്രഖ്യാപനം **2025 ഫെബ്രുവരി 02-ാം തീയതി ഞായറാഴ്ചയോ,** സൗകര്യപ്രദമായ മറ്റൊരു ദിവസമോ നടത്താവുന്നതാണ്. (www.catechismernakulam.com എന്ന വെബ്സൈറ്റോ or വചനദീപത്തിലെ 110 - 113 വരെയുള്ള പേജുകളോ കാണുക.)

2. **സന്മാർഗ്ഗബോധന സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ: IV, VII, X & XII** ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് പരീക്ഷ **2025 ഫെബ്രുവരി 08 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ**. സ്കോളർഷിപ്പ് പരീക്ഷ നടക്കുന്ന സെന്ററുകൾ അറിയിക്കുന്നതാണ്.

3. **വിശ്വാസപരിശീലനത്തിന്റെ ഒന്നാം ക്ലാസ്സ് മുതൽ ഒൻപതാം ക്ലാസ്സുവരെയുള്ള പരീക്ഷ 2025 ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച 10.30 a.m. മുതൽ 12.30 p.m. വരെയാണ്**.

4. **രണ്ടാം സെമസ്റ്റർ പരീക്ഷ:** 10, 11, 12 ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ് പരീക്ഷ 2025 ജനുവരി 26-ാം തീയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ നടത്തി. പത്താം ക്ലാസ് സർട്ടിഫിക്കറ്റ് പരീക്ഷയുടെയും പന്ത്രണ്ടാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയുടെയും ഉത്തരക്കടലാസ്സുകളുടെ പരിശോധന 2025 ജനുവരി 26-ലെ പരീക്ഷയ്ക്കുശേഷം ഫെബ്രുവരി 5-നു മുമ്പ് നടത്തി മാർക്ക് ലിസ്റ്റുകളും, 80 ശതമാനവും അതിൽ കൂടുതലും മാർക്ക് കിട്ടിയ കുട്ടികളുടെ ഉത്തരക്കടലാസ്സുകളും, IED കുട്ടികളുടെ പേപ്പറുകളും, Complaint പേപ്പറുകളും പ്രത്യേകം കവറുകളിലാക്കി അതിരൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കണം. (വചനദീപം, പേജ് 40,41 നോക്കുക).

   പത്താം ക്ലാസ്സിലെ ഉത്തരക്കടലാസ്സുകൾ പരിശോധിച്ച് 80 ശതമാനമോ (ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ 40-ൽ 32 മാർക്കും) അതിൽ കൂടുതലോ മാർക്കുള്ളവരുടെ മാത്രം ഉത്തരക്കടലാസ്സു

കളും മാർക്ക് ലിസ്റ്റും ഫെബ്രുവരി 5-ാം തീയതിക്കകം ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. **മാർക്ക് ലിസ്റ്റിൽ പളളിയുടെ സീലും വികാരി അച്ചന്റെ ഒപ്പും ഉണ്ടായിരിക്കണം. അല്ലാത്ത ഉത്തരക്കടലാസ്സുകൾ സ്വീകരിക്കുന്നതല്ല.** ഈ ഉത്തര ക്കടലാസ്സുകൾ വീണ്ടും അതിരൂപതാ തലത്തിൽ റീവാല്യുവേഷൻ നടത്തുന്നതായിരിക്കും. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് 90 ശതമാനം മാർക്ക് വാങ്ങുന്നവർക്കാണ് സ്കോളർഷിപ്പ് ലഭി ക്കുക (വചനദീപം, പേജ് 37-38, 41, 46). സ്കോളർഷിപ്പിന് അർഹ രാകുന്ന കുട്ടികൾക്ക് വർഷാവസാനം 90 ശതമാനം ഹാജർ ഉണ്ടായിരിക്കേണ്ടതാണ്. ഹാജർ ശതമാനം മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തേണ്ടതാണ്.

5. **പുനഃപരീക്ഷ: X, XII ക്ലാസ്സുകളിൽ സർട്ടിഫിക്കറ്റ് പരീക്ഷ** ആയതിനാൽ ഈ ക്ലാസ്സുകളിൽ ഒന്നും, രണ്ടും സെമസ്റ്റർ പരീക്ഷകൾ എഴുതുവാൻ സാധിക്കാത്ത കുട്ടികൾക്കും, പരീക്ഷയ്ക്ക് മിനിമം മാർക്ക് (14/40) ലഭിക്കാത്ത കുട്ടികൾക്കുമുള്ള **പുനഃപരീക്ഷ 2025 ഏപ്രിൽ 12-ന്** ആയിരിക്കും. പുനഃപരീക്ഷ നടക്കുന്ന സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും. പത്താം ക്ലാസ്സിലെ പുനഃപരീക്ഷ അതത് ഇടവകയിൽ നടത്തി **ഏപ്രിൽ 12-ന്** മുമ്പ് മാർക്ക് കാറ്റികോർപ്പിൽ Enter ചെയ്യുക.

6. **സന്മാർഗ്ഗബോധന പൊതുപരീക്ഷ** 2025 ജനുവരി 03 വെള്ളിയാഴ്ച അതത് സ്കൂളുകളിൽ വച്ച് നടന്നു.

7. **ക്രിസ്മസ് കരോൾ ഗാനമത്സരം**: 2024 ഡിസംബർ, കാറ്റക്കീസം അദ്ധ്യാപകർക്കായി നടത്തിയ ക്രിസ്മസ് കരോൾ ഗാനമത്സര ത്തിൽ വിജയികളായ ഇടവകകൾ:

**I[st] - St. Antony's Church, Mattoor**
**II[nd] - St. Mary's Church, Palluruthy**
**III[rd] - St. George Basilica, Angamaly**

മത്സരത്തിൽ പങ്കെടുത്ത ഇടവകകൾക്ക് നന്ദിയും സമ്മാനാർഹ രായവർക്ക് അഭിനന്ദങ്ങളും അറിയിക്കുന്നു.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Renewal Centre, Azad Road Kaloor. Tel: 0484-2533077
Web: www.jeevalaya.org, E-mail: jeevalayafamilypark@gmail.com

## 2025 ഫെബ്രുവരി - മാർച്ച്

### വിവാഹഒരുക്ക ധ്യാനം (MPR)

ഫെബ്രുവരി 03-05 (കലൂർ)
ഫെബ്രുവരി 11-13 (കാലടി)
ഫെബ്രുവരി 18-20 (കാലടി)
മാർച്ച് 03-05 (കലൂർ)
മാർച്ച് 18-20 (കാലടി)

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ബേബിഷൈൻ ധ്യാനം (Contact: 8078334522)

ഫെബ്രുവരി 07-09 (20 ദമ്പതികൾക്ക് മാത്രം)

### ദമ്പതി ധ്യാനം (Contact: 8078334522)

ഫെബ്രുവരി 06-09 (20 ദമ്പതികൾക്ക് മാത്രം)

### വിധവാ ധ്യാനം (Contact: 9400929111)

ഫെബ്രുവരി 21-23

### Love Forever

ഫെബ്രുവരി 23 (60 ദമ്പതികൾക്ക് മാത്രം)

ദാമ്പത്യ പരിപോഷണത്തിനുതകുന്ന നൂതനവും, നവീനവുമായ മാർഗത്തിലൂടെ നടത്തപ്പെടുന്ന പ്രോഗ്രാം. പാട്ടിലൂടെയും, വിനോദോപാധികളിലൂടെയും, ക്ലാസിലൂടെയും ദമ്പതികൾ സഞ്ചരിക്കുന്ന ദിനം.

സ്ഥലം : ജീവാലയ ഫാമിലി പാർക്ക്, കാലടി
സമയം : രാവിലെ 10.00 മുതൽ വൈകീട്ട് 10.00 വരെ

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### സഹൃദയ പ്രമോട്ടർമാരുടെ സംഗമം നടത്തി

സഹൃദയ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സഹൃദയ പ്രമോട്ടർ സിസ്റ്റർമാരുടെ സംഗമം സംഘടിപ്പിച്ചു. ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സഭ പ്രൊവിൻഷ്യൽ സിസ്റ്റർ ഷെഫി മരിയ അധ്യക്ഷയായ യോഗം മാർ തോമസ് ചക്യത്ത് ഉദ്ഘാടനം ചെയ്തു.

### ബയോഗ്യാസ് പ്ലാന്റുകൾക്കും സോളാർ ലൈറ്റിംഗ് യൂണിറ്റുകൾക്കും സബ്സിഡി

കേന്ദ്ര സർക്കാരിന്റെ സബ്സിഡി ലഭ്യമാക്കി ബയോഗ്യാസ് പ്ലാന്റുകൾ നിർമിച്ചു നൽകുന്നതിനുള്ള അംഗീകാരം എറണാകുളം-അങ്കമാലി അതിരൂപതാ സഹൃദയയുടെ പരിസ്ഥിതി പരിപാലന വിഭാഗമായ സഹൃദയ ടെക്കിന് ലഭിച്ചു. ജനകീയമായ ദീനബന്ധു മോഡൽ (ഫിക്സഡ് ഡൂം) പ്ലാന്റുകൾക്ക് സബ്സിഡി ലഭ്യമാക്കുന്ന കേരളത്തിലെ ഏക ഏജൻസിയാണ് സഹൃദയ ടെക്ക്. 2025 മാർച്ച് 31-നുള്ളിൽ നിർമിക്കുന്ന 200 പ്ലാന്റുകൾക്കാണ് സബ്സിഡി ലഭ്യമാകുന്നത്. സബ്സിഡിയോടെ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ ആഗ്രഹിക്കുന്നവർക്ക് 8943710720 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. പുരപ്പുറ സോളാർ ലൈറ്റിംഗ് യൂണിറ്റുകൾ സബ്സിഡിയോടെയും സ്ഥാപനങ്ങൾക്ക് വായ്പ ലഭ്യമാക്കിയും സ്ഥാപിച്ചു നൽകുന്നതിനുള്ള അംഗീകാരം നിലവിൽ സഹൃദയടെക്കിനുണ്ട്.

### സുസ്മിതം പദ്ധതി ബോധവൽക്കരണ ക്ലാസ്സ്

സഹൃദയ വജ്ര ജൂബിലിയുടെ ഭാഗമായി കെയർ ആൻഡ് സേഫ് പ്രോജക്ടുമായി സഹകരിച്ച് നടപ്പാക്കുന്ന സുസ്മിതം ക്യാൻസർ പ്രതിരോധ പരിസ്ഥിതി പരിപാലന പദ്ധതിയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് വാതക്കാട്, നെടുവന്നൂർ, സ്രാമ്പിക്കൽ, എടവനക്കാട്, വിജോപുരം, തൃപ്പൂണിത്തുറ, കവരപ്പറമ്പ്, നീണ്ടൂർ, കുറ്റിപ്പുഴ, ചോറ്റാനിക്കര പഞ്ചായത്ത് രണ്ടാം വാർഡ് കമ്മ്യൂണിറ്റി ഹാൾ, കോക്കുന്ന്, പാലാരിവട്ടം, പെരുമ്പാവൂർ പി. ആർ. ശിവൻ മെമ്മോറിയൽ ഹാൾ, പൂണിത്തുറ, ചെങ്ങമനാട്, അങ്കമാലി, ഉദയംപേരൂർ, മരുത്തോർവട്ടം, തുരുത്തിപ്പുറം, പെരിയാർമുഖം, സൗത്ത് ചമ്പന്നൂർ,

കാഞ്ഞൂർ നെറ്റിനംപിള്ളി, പട്ടിമറ്റം, കൂടാലപ്പാട് എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

**സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷിക ആഘോഷം**

കോക്കുന്ന്, വിജയപുരം, കവരപ്പറമ്പ്, മരുത്തോർവട്ടം, ഇടവകകളിലെ സ്വയം സഹായ സംഘങ്ങളുടെ വാർഷികം സംഘടിപ്പിച്ചു.

**സഹൃദയ ക്രിസ്മസ് ആഘോഷം**

സഹൃദയ വജ്രജൂബിലി വർഷത്തോടനുബന്ധിച്ച് നെറ്റ് സീറോ കാർബൺ വില്ലേജസ് പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഭിന്ന ശേഷിക്കാരുടെ സംരംഭമായി ആരംഭിച്ച നഴ്സറിയിൽ നിന്നുള്ള ചെടികൾ കൈമാറി സഹൃദയ സ്റ്റാഫംഗങ്ങളുടെ ക്രിസുമസ് ആഘോഷം വേറിട്ടതായി.

**ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം**

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ. എൽ. ജി. ചെങ്ങമനാട്, കുറ്റിപ്പുഴ, കടമക്കുടി, ജിയോപുരം, കോടനാട്, ഐമുറി, നായരമ്പലം, എടക്കുന്ന്, മൂന്നാം പറമ്പ്, വല്ലം, ആമ്പല്ലൂർ, നീണ്ടൂർ, വിമലഗിരി, ദേവഗിരി,കരിമുകൾ, വാഴക്കാല, തോപ്പിൽ, പൂണിത്തുറ, എടവനക്കാട്, കോതാട്, അയ്യമ്പുഴ, പെരിയാർ മുഖം, കാർഡിനൽ നഗർ, കുന്നുകര, ആരക്കുന്നം, വെസ്റ്റ് കൊരട്ടി, മങ്കുഴി, ഈസ്റ്റ് ചേരാനെല്ലൂർ, വിലങ്ങ്, പുത്തൻവേലിക്കര, മലയാറ്റൂർ, സെബിയൂർ, തൃപ്പൂണിത്തുറ, അന്നനാട്, ജോസ്പുരം, കവരപ്പറമ്പ്, ഇല്ലിത്തോട്, നോർത്ത് ചമ്പന്നൂർ, വെസ്റ്റ് ചേരാനല്ലൂർ, അയ്യമ്പുഴ, കാക്കനാട്, പഴങ്ങനാട്, കുറുമശ്ശേരി, വിജോപുരം, തുരുത്തിപ്പുറം, വല്ലകം, പൂക്കാട്ടുപടി, ആനപ്പാറ, ഇല്ലിത്തോട്, കോക്കുന്ന് ,കരിപ്പാശ്ശേരി, മഞ്ഞപ്ര, തോട്ടുവ, താബോർ, അങ്കമാലി, പുത്തൻപള്ളി, വാതക്കാട്, അമലാപുരം എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

**ക്രെഡിറ്റ് ക്യാമ്പുകൾ**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ സ്വയം സഹായ സംഘങ്ങളുടെ ക്രെഡിറ്റ് ക്യാമ്പ് നടത്തി.

ചെറായി ആവണി, അശ്വതി എന്നീ സ്വയം സഹായ സംഘങ്ങളുടെ 10 അംഗങ്ങൾക്കായി 7,50,000/- രൂപയും ഓൾഡ് കുത്തിയതോട് വില്ലേജിലെ സത്യാ സ്വയം സഹായ സംഘത്തിലെ 6 അംഗങ്ങൾക്കായി

1,80,000/- രൂപയും കെടാമംഗലം തപസ്യ, കച്ചേരിപ്പടി പൊന്നു 9 അംഗങ്ങൾക്കായി 5,60,000/- രൂപയും തൈക്കാട്ടുശ്ശേരി സുവർണ്ണ സ്വയം സഹായ സംഘം, സ്രാമ്പിക്കൽ ഐശ്വര്യ സ്വയം സഹായ സംഘം, എന്നീ വില്ലേജുകളിലെ 9 അംഗങ്ങൾക്കായി 5,50000/- രൂപയും വാതക്കാട് കീർത്തി സ്വയം സഹായസംഘത്തിലെ 7 അംഗങ്ങൾക്കായി 2,10,000/- രൂപയും പൂണിത്തുറ സൂര്യ സ്വയം സഹായ സംഘം, കണ്ടനാട് റോസ്, മരിയ ജ്യോതി, തൃപ്പൂണിത്തുറ ജീവ, ചൈതന്യ സ്വയം സഹായ സംഘങ്ങളിലെ 29 അംഗങ്ങൾക്ക് 18,00,000/- രൂപയും പീച്ചാനിക്കാട് പുലരി, അങ്കമാലി ദയ സ്വയം സഹായ സംഘങ്ങളിലെ 5 അംഗൾക്കായി 3,30,000/ രൂപയും വായ്പ അനുവദിച്ചു.

**സ്വയം തൊഴിൽ വായ്പ**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ കീഴിൽ വിവിധ വില്ലേജുകളിൽ പ്രവർത്തിച്ചുവരുന്ന 23 സംഘങ്ങളിലെ 222 അംഗങ്ങൾക്ക് സ്വയംതൊഴിൽ വിപുലീകരണത്തിനായി 2025 ജനുവരി മാസത്തിൽ 1,31,60,000/- രൂപ വായ്പയായി വിതരണം ചെയ്തു.

**ജെ.എൽ.ജി. കൾക്ക് വായ്പ**

സഹൃദയ പുതിയതായി രൂപീകരിച്ചു വരുന്ന 99 ജെ എൽ ജി കളിലെ (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ) 456 അംഗങ്ങൾക്കായി 2025 ജനുവരി മാസത്തിൽ സ്വയംതൊഴിൽ വിപുലീകരണത്തിനായി 2,29,55, 000/ രൂപ ലോൺ നൽകി.

**ട്രാൻസ്ജെൻഡർ വ്യക്തികളുടെ സംഗമം**

സഹൃദയ എറണാകുളം ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ട്രാൻസ് ജെൻഡർ വ്യക്തികളുടെ ക്ഷേമ, പുനരധിവാസത്തിനായി നടപ്പാക്കുന്ന മാരിവില്ല് ട്രാൻസ് ജെൻഡർ ക്ലിനിക്കിന്റെ ആഭിമുഖ്യ ത്തിൽ ക്രിസ്തുമസ്, നവവത്സര സംഗമം വൈറ്റില ട്രാൻസ് ജെൻഡർ ക്ലിനിക്കിൽ സംഘടിപ്പിച്ചു.

**ക്ലസ്റ്റർ ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു**

സഹൃദയ വെസ്കോ ക്രെഡിറ്റ് ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ എൽ ജി ക്ലസ്റ്റർ ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രം പൊന്നുരുന്നിയിൽ സംഘടിപ്പിച്ചു.

**ബയോഗ്യാസ് ബോധവത്കരണ ക്ലാസ്സ്**
ചേർത്തല ബ്ലോക്ക് ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗ്രാമതല ക്ഷീര കർഷകസംഘം സെക്രട്ടറിമാർക്കായി ബയോഗ്യാസ്, സോളാർ സബ്സിഡി പദ്ധതികളെക്കുറിച്ചുള്ള ക്ലാസ് സഹൃദയ ടെക്കിന്റെ നേതൃത്വത്തിൽ നടത്തി.

**സ്വയംതൊഴിൽ ഉപകരണ വിതരണം, സാമ്പത്തിക സഹായം**
ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസുമായി സഹകരിച്ച് സഹൃദയ നടപ്പാക്കുന്ന സ്ത്രീ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി പ്രൊജക്റ്റിന്റെ ഗുണഭോക്താക്കളായ 75 വനിതകൾക്കായി സ്വയം തൊഴിൽ ഉപകരണ വിതരണവും സാമ്പത്തികസഹായ വിതരണവും നടത്തി.

**ഹരിതകർമസേന പരിശീലനം**
ഇടുക്കി ജില്ലാ കുടുംബശ്രീ മിഷന്റെ നിർദേശപ്രകാരം സഹൃദയ ടെക്കിന്റെ നേതൃത്വത്തിൽ മരിയാപുരം, കാമാക്ഷി, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തുകളിലെ ഹരിതകർമ സേനാംഗങ്ങൾക്കായി ത്രിദിന ശേഷി വികസന പരിശീലനം സംഘടിപ്പിച്ചു.

**ബയോഗ്യാസ് ഏജൻസികളുടെ യോഗം**
കേന്ദ്രസർക്കാർ സബ്സിഡി ലഭ്യമാക്കി ബയോഗ്യാസ് പ്ലാന്റുകൾ നിർമിച്ചു നൽകുന്നതിനുള്ള അംഗീകാരം സഹൃദയ ടെക്കിനു ലഭിച്ചതിന്റെ വെളിച്ചത്തിൽ കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള അംഗീകൃത ബയോഗ്യാസ് ഏജൻസികളുടെ യോഗം പൊന്നുരുന്നിയിൽ നടത്തി.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

- **Overseas Education**

- IRELAND: Your Gateway to Global Opportunities.
  Join the hub of technology, pharmaceuticals, and finance. Grab your seats for September 2025!
- GERMANY: Zero Tuition, Endless Opportunities.
  Unlock your future with Germany's world-class public universities offering zero tuition fees. Apply now for September 2025!

  Germany offers nursing students Ausbildung, a paid vocational training program with free education, a monthly stipend, and excellent job prospects in healthcare.
- AUSTRALIA: Excellence in Every Field
  Explore world-class master's programs across diverse fields, designed to shape your future.

- IELTS offline (New batches on all Mondays).

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓഫ്‌ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു. പുതിയ ബാച്ച് ഉടൻ ആരംഭിക്കുന്നു.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9544919144 , 9072919144**

- **2025 ഫെബ്രുവരി മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ഓഫ്‌ലൈൻ ബാച്ചുകൾ (A1, A2 & B1, B2) ഫെബ്രുവരി 3-ന് ആരംഭിക്കുന്നു.

2. ജർമൻ കോഴ്സ് പുതിയ ഓൺലൈൻ ബാച്ച് (A1) ഫെബ്രുവരി 3-ന് ആരംഭിക്കുന്നു.
3. ജർമൻ കോഴ്സ് പുതിയ ഓഫ്ലൈൻ ബാച്ചുകൾ (A1 & B1) ഫെബ്രുവരി 24-ന് ആരംഭിക്കുന്നു.
4. ഫ്രഞ്ച് കോഴ്സ് പുതിയ ഓൺലൈൻ ബാച്ച് (A1) ഫെബ്രുവരി 10-ന് ആരംഭിക്കുന്നു.
5. സ്പാനിഷ് കോഴ്സ് പുതിയ ഓൺലൈൻ ബാച്ചുകൾ (A1 & A2) ഫെബ്രുവരി 3-ന് ആരംഭിക്കുന്നു.
6. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA ബാച്ചുകളുടെ ക്ലാസുകൾ തുടരുന്നു (2024-2025).
7. സിവിൽ സർവീസ് ഔട്ട് റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **2025 Febaruary Programs**

1. UGC NET /JRF PAPER I & PAPER II - Offline (Batch for 2025 JUNE exam)
2. BANK (IBPS, PO, CLERK, SO) - Offline (New admission all Mondays)
3. SSC (CGL, CHSL, MTS) - Offline (New admission all Mondays)
4. CUET (Common University Entrance Test) Online & Offline regular batch
5. RAILWAY RECRUITMENT BOARD
   - Graduate level (New admission all Mondays)
   - Undergraduate level (New admission all Mondays)
6. C MAT, K-MAT Offline (Admission for next Exams)
7. PSC Secretariat Assistant (Admission started)
8. IELTS Regular Offline & Online (All Mondays new batch)
9. PTE (Pearson Test of English)- Regular Offline & Online (All Mondays new batch)
10. COMMUNICATIVE ENGLISH Regular Offline & Online (All Mondays new batch)

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

IELTS, OET, PTE തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തിവരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചുവരുന്ന Naipunnya International Angamaly Branch-ൽ നിന്നും നിരവധി കുട്ടികൾ വിദേശവിദ്യാഭ്യാസം സാധ്യമാക്കിവരുന്നു.

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

---

# അതിരൂപതാ ഡയറി

**ജനുവരി 2025**

1 അഭിവന്ദ്യ ബോസ്കോ പിതാവ് വടുതല ASMI സെന്റ് ജോസഫ്സ് പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

2 അഭിവന്ദ്യ ബോസ്കോ പിതാവ് നവ വൈദികരെയും മാതാപിതാക്കളെയും അരമനയിൽവച്ച് കൂടിക്കാഴ്ച നടത്തി.

4 അഭിവന്ദ്യ ബോസ്കോ പിതാവ് Missionary Congregation of the Daughters of St. Thomas സിസ്റ്റേഴ്സിന്റെ വാഴക്കാലയിലെ കോൺവെന്റ് സന്ദർശിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

5 അഭിവന്ദ്യ ബോസ്കോ പിതാവ് തോട്ടുമുഖം എസ്. ഡി. ജനറലേറ്റ് സന്ദർശിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

6 അഭിവന്ദ്യ ബോസ്കോ പിതാവ് രാവിലെ കറുകുറ്റി സി.എം.സി. സാൻജോ ഭവൻ സന്ദർശിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

6 – 11 അഭിവന്ദ്യ ബോസ്കോ പിതാവ്, സീറോമലബാർ മെത്രാൻ സിനഡിൽ സംബന്ധിച്ചു.

12 അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ പിതാവിനെയും അതിരൂപതയ്ക്കുവേണ്ടിയുള്ള മെത്രാപ്പോലീത്തൻ വികാരിയായി നിയമിതനായ മാർ ജോസഫ് പാംപ്ലാനി പിതാവിനെയും അഭിവന്ദ്യ ബോസ്കോ പിതാവും കൂരിയാംഗങ്ങളും ചേർന്ന് അരമനയിൽ സ്വീകരിച്ചു. തുടർന്ന്, മാർ ജോസഫ് പാംപ്ലാനി പിതാവ് ഔദ്യോഗികമായി സ്ഥാനമേറ്റു. മാർ ബോസ്കോ പിതാവ് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ചുമതലയിൽനിന്നും വിരമിച്ചു.

മേജർ ആർച്ചുബിഷപ്സ് ഹൗസിൽ 9-ാം തീയതി വ്യാഴാഴ്ച മുതൽ സംജാതമായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ അതിരൂപതയിലെ 21 വൈദികരുമായി മാർ ജോസഫ് പാംപ്ലാനി പിതാവ് രാത്രി 10.30-ന് ചർച്ച നടത്തി.

21 മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതയിലെ വൈദികരുമായും സന്ന്യസ്തരുമായും അല്മായരുമായുള്ള ചർച്ചകൾക്ക് തുടക്കം കുറിച്ചു.

30 മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതയിലെ വൈദികരുമായും അല്മായരുമായും ചർച്ച നടത്തി.

അരമന ചാപ്പലിൽ വച്ച് സ്റ്റിഗ്മാറ്റൈൻ സന്ന്യാസസമൂഹാംഗമായ ബ്രദർ സോണറ്റ് മാവടന CSS -ന് ഡീക്കൻ പട്ടം നൽകി.

31 നിര്യാതനായ ബഹുമാനപ്പെട്ട ഫിലിപ്പ് വാഴപ്പിള്ളി അച്ചന്റെ മൃതദേഹം മേവള്ളൂരിലെ വസതിയിൽ പൊതുദർശനത്തിനു വച്ചവേളയിൽ മാർ ജോസഫ് പാംപ്ലാനി പിതാവ് ഒപ്പീസ് ചൊല്ലി.

* * * * *





എറണാകുളം-അങ്കമാലി അതിരൂപതയുടെ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആയി സേവനമനുഷ്ഠിച്ച
**ബിഷപ് ബോസ്കോ പുത്തൂർ പിതാവിന്**
അതിരൂപതയുടെ ഹൃദയം നിറഞ്ഞ നന്ദി!

RNI No. 3421/57
Date of Publication: 01-02-2025
Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




BLESSED RANI MARIA

Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org